# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോഴിക്കോട്-673020**

**ഇ-മെയിൽ: dokkd.ksad@kerala.gov.in**
**ഫോൺ : 0495-2371012**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/ഡി3 /1920 /2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 01/12/2025
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

(ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/ഡി3 /1920 /2025 തീയ്യതി: 01/12/2025

# കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 30-09-2024 മുതൽ 16-09-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 30-09-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-09-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ എ.എസ്.ബിജേഷ് കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 17-09-2025 | 23-09-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-09-2025 | 23-09-2025 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ .ഇ.വി.ഹരി ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.ജിഷസാമുവൽ .അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ധന്യ.കെ .അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.അനിൽ കുമാർ.എം.ഡി,ഓഡിറ്റർ
ശ്രീ.വൈശാഖ്.എ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ആദർശ് ജോസഫ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ. സുരേഷ് കുമാർ. കെ | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സീമ. എ.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 17-09-2024 |
| ശ്രീ.ജയപ്രകാശ് കെ. കെ | അസിസ്റ്റന്റ് സെക്രട്ടറി | 18-09-2024 | 31-03-2025 |
| ശ്രീ. രാജേഷ്. ടി.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 08-10-2024 |
| ശ്രീ .ജിത്തു .പി | അസിസ്റ്റന്റ് എഞ്ചിനീയർ | 09-10-2024 | 31-03-2025 |
| ശ്രീ. ഷബീർ അഹമ്മദ്. കെ.എ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ. ദേവസ്യ. പി.ജെ | ഹെഡ് മാസ്റ്റർ | 01-04-2024 | 31-05-2024 |
| ഷാബു.കെ | ഹെഡ് മാസ്റ്റർ | 01-06-2024 | 31-03-2025 |
| ഡോ. നസ്റുൽ ഇസ്ലാം | മെഡിക്കൽ ഓഫീസർ , FHC | 01-04-2024 | 12-04-2024 |
| ഡോ.സുബൈദ.കെ | മെഡിക്കൽ ഓഫീസർ , FHC | 13-04-2024 | 31-07-2024 |
| ഡോ.രഞ്ജു രാമചന്ദ്രൻ | മെഡിക്കൽ ഓഫീസർ , FHC | 01-08-2024 | 03-10-2024 |
| ഡോ.ദിവ്യ .പി.കെ | മെഡിക്കൽ ഓഫീസർ , FHC | 04-10-2024 | 31-03-2025 |
| ഡോ. ഡിജേഷ് ഉണ്ണികൃഷ്ണൻ | വെറ്ററിനറി സർജ്ജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി. ഷേളിത .വി.ടി | വില്ലേജ് എക്സ്റ്റൻഷൻ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീമതി.ഫസ്ലി.പി.കെ | ഐ സി ഡി എസ് സൂപ്പർ വൈസർ | 01-04-2024 | 25-08-2024 |
| ശ്രീമതി. ശബ്ന.പി | ഐ സി ഡി എസ് സൂപ്പർ വൈസർ | 26-08-2024 | 31-03-2025 |
| ഡോ. ഹബീനത്ത് കെ.എം. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| സിസിൻ ജോസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| മെർലിൻ അലക്സ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി. | 1-1-3 |
| 5 | സ്ഥാപനത്തിന് മറ്റ് സ്ഥാപനങ്ങളിൽ നിന്ന് ഗ്രാന്റ് ആയി നൽകിയ തുകകൾ ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല . | 1-1-4 |
| 6 | പാർട്ട് ബിൽ ആയി നൽകുന്ന തുകകൾ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല . | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് . ട്രഷറി അക്കൗണ്ടുകളുടെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | കാലഹരണപ്പെട്ട സ്റ്റെയിൽ ചെക്ക് തുകകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല | 1-1-8 |
| 10 | വാർഷിക കണക്കിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | Bank Reconciliation Statement- ൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. | 1-1-10 |
| 12 | ബാങ്കിൽ നിക്ഷേപിച്ച ചെക്കുകൾ ക്രഡിറ്റ് ആയില്ല. | 1-1-11 |
| 13 | ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല . | 1-1-12 |
| 14 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് തുക രസീതി നൽകി കണക്കിലെടുത്തില്ല | 1-1-13 |
| 15 | നിക്ഷേപ സർട്ടിഫിക്കറ്റ് ലഭ്യമല്ല | 1-1-14 |
| 16 | വരവ് ചെലവ് ഷെഡ്യൂളുകളുടെ ആകെ തുകയിൽ ഇരട്ടിപ്പ് | 1-1-15 |
| 17 | ബഡ്ജറ്റ് | 1-2 |
| 18 | സാമ്പത്തിക വിശകലനം | 1-3 |
| 19 | ഫണ്ട് വിനിയോഗം | 1-4 |
| 20 | പദ്ധതി അവലോകനം | 1-5 |
| 21 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 22 | പഞ്ചായത്തിന്റെ പരിധിയിലുള്ള ഫോഗി മൗണ്ടെയിൻ അമ്യൂസ്മെന്റ് പാർക്ക് വിനോദനികുതി ഈടാക്കാത്തതിനാൽ വലിയ വരുമാന നഷ്ടമുണ്ടാക്കുന്നു. | 1-7 |
| 23 | റിസോർട്ട്  കെട്ടിടത്തിന് നമ്പർ അനുവദിച്ച ശേഷം അധിക നിർമ്മാണം നടത്തി | 1-8 |
| 24 | ഒരാളുടെ പേരിൽ ഒന്നിലധികം പാർപ്പിടകെട്ടിടങ്ങൾ - കുറഞ്ഞ നികുതി നിരക്കിൽ അനുവദിക്കുന്നതിനാൽ പഞ്ചായത്തിന് നികുതി നഷ്ടം | 1-9 |

| | | |
|---|---|---|
| 25 | വസ്തുനികുതി പരിഷ്ക്കരണം - ഫീൽഡ് തല പരിശോധന പൂർത്തീകരിച്ചു - തുടർ നടപടി സ്വീകരിച്ചിട്ടില്ല | 1-10 |
| 26 | ഹാൻഡ് പമ്പ് റിപ്പയർ പ്രവൃത്തി - ഭൂജല വകുപ്പിൽ നിന്നും ബാക്കി തുക തിരികെ ലഭ്യമായില്ല. | 1-11 |
| 27 | മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല | 1-12 |
| 28 | കൂമ്പാറ - പുന്നക്കടവ് - പീടികപ്പാറ റോഡ് - സർവേ നടപടികൾ പൂർത്തിയായില്ല. | 1-13 |
| 29 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങൽ - 33,376/- രൂപയുടെ മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു | 1-14 |
| 30 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവു തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല. | 1-15 |
| 31 | അഡ്വാൻസ് രജിസ്റ്റർ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു . | 1-16 |
| 32 | എക്സ്ട്രായിനങ്ങളുടെ നിരക്ക് കണക്കാക്കിയതിൽ പിശക് | 1-17 |
| 33 | ഷീറ്റ് റൂഫുകൾക്ക് തയ്യാറാക്കിയ ഒബ്സേർവ്ഡ് ഡാറ്റകളിൽ വൈരുദ്ധ്യം | 1-18 |
| 34 | എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ | 1-19 |
| 35 | ഭരണസമിതി തീരുമാനത്തിന്മേൽ തുടർനടപടിയുണ്ടായില്ല | 1-20 |
| 36 | കൃഷിഭവൻ കെട്ടിടം അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ- അപാകതകൾ | 1-21 |
| 37 | കൂമ്പാറ വായനശാല – എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ ഷീറ്റ് നിർമ്മാണത്തിലുപയോഗിച്ചു | 1-22 |
| 38 | ജാതിക്കയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ - പദ്ധതിയുടെ ഉദ്ദേശലക്ഷ്യം കൈവരിക്കാനായില്ല. | 1-23 |
| 39 | തൊഴിലുറപ്പ് പദ്ധതി - പ്രവൃത്തിയ്ക്കുപയോഗിക്കുന്ന സിമന്റിന്റെ ബ്രാൻഡ് ഉറപ്പാക്കാതെ വില കണക്കാക്കുന്നു | 1-24 |
| 40 | തൊഴിലുറപ്പ് പദ്ധതി - കുഴിച്ചെടുത്ത മണ്ണ് പ്രവൃത്തിയിൽ ഉപയോഗപ്പെടുത്തിയില്ല | 1-25 |
| 41 | തൊഴിലുറപ്പ് പദ്ധതി - സിമന്റ് ഉപയോഗത്തിൽ അവ്യക്തത | 1-26 |
| 42 | ജൽജീവൻ പദ്ധതി -പദ്ധതി പുരോഗതി വിവരം ലഭ്യമല്ല | 1-27 |
| 43 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും | 1-28 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | കൃഷിഭവൻ കെട്ടിടം അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ- അപാകതകൾ | 3-1 |
| 2 | കൂമ്പാറ വായനശാല – എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ ഷീറ്റ് നിർമ്മാണത്തിലുപയോഗിച്ചു | 3-2 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |

| | | |
|---|---|---|
| 4 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കൂടരഞ്ഞി ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 16.6.2025 തീയതിയിലെ 6/1 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 23.6.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ

റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കൂടരഞ്ഞി ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയരക്ടർ,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്**

## <u>1-1-1 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല.</u>

തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല .

## <u>1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല</u>

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalents ” ആയി രേഖപ്പെടുത്തിയ 1,13,844/-രൂപയും ഇതേ പത്രികയിൽ "Net Cash Generated By Operating +Investing + Financing Activity ” ആയി രേഖപ്പെടുത്തിയ 2,15,56,604/-രൂപയും തമ്മിൽ പൊരുത്തപ്പെടുന്നില്ല .

## <u>1-1-3 രസീത് തെറ്റായ ശീർഷകത്തിൽ നൽകി.</u>

ഇ-ടെണ്ടർ ഫീ സ്വീകരിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ ആരംഭിച്ചിട്ടുള്ള കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നം. 37791755139, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കോടഞ്ചേരി ശാഖ) നിന്നും 8.5.24ന് 2,14,000/- രൂപ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 1165 നം അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് . പ്രസ്തുത തുക റസീറ്റ് ആക്കിയത് ‘Receipts From Other User Charges’ എന്ന ശീർഷകത്തിലാണ്.

## <u>1-1-4 സ്ഥാപനത്തിന് മറ്റ് സ്ഥാപനങ്ങളിൽ നിന്ന് ഗ്രാന്റ് ആയി നൽകിയ തുകകൾ ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല .</u>

ഉദാഹരണമായി 2023-24 ലും 2024-25 ലും ബാലൻസ് ഷീറ്റ് B-3 ഷെഡ്യൂളിൽ ഉൾപ്പെട്ട

312100204 & 312100211 കോഡുകൾ കണക്കിലെടുക്കാം .

| കോഡ് | 2023-24 ലെ നീക്കിയിരിപ്പ് | 2024-25 ലെ നീക്കിയിരിപ്പ് | ഇതേ ഫണ്ട് ഉപയോഗിച്ച തൻവർഷം സൃഷ്ടിച്ച ആസ്തികൾക്ക് ഉദാഹരണം | നിർവഹണം |
|---|---|---|---|---|
| 312100204 (Capital Contribution – CFC-Basic Tax Grant) | 74,33,433 | 74,33,433 | 1.പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ ലാപ്ടോപ്പ്, പ്രിന്റർ എന്നിവ വാങ്ങൽ, - ചെലവ് 143793/-<br>2.പീടികപ്പാറ കൊടശ്ശേരിക്കാവ് ലിങ്ക് റോഡ് -2,24,404/- | അസി. എഞ്ചിനീയർ<br>അസി. എഞ്ചിനീയർ |
| 312100211 (Capital Contribution – CFC-Tied Fund) | 82,10,662 | 82,10,662 | ഘടക സ്ഥാപനങ്ങളിൽ കുടിവെള്ളം ലഭ്യമാക്കൽ - ചെലവ് -5,84,396/- | അസി. എഞ്ചിനീയർ |

വികസന ഫണ്ട് പൊതുവിഭാഗം, മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് എന്നിവ ഉപയോഗിച്ച് സൃഷ്ടിക്കുന്ന ആസ്തികൾ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഉദാഹരണമായി തൻവർഷം പ്രൊജക്ട് നം. 157 പ്രകാരം ഖരമാലിന്യ സംസ്കരണം ശ്മശാനം സ്ഥലമെടുപ്പിനായി വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 3,00,000/- രൂപ ചെലവഴിച്ചത് വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല .

കൃഷിഭവൻ കെട്ടിടം അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി പ്രൊജക്ട് നം. 94 പ്രകാരം മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഫണ്ട് ഉപയോഗിച്ച് 4,29,129/- രൂപ ചെലവഴിച്ചത് വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല.

## 1-1-5 പാർട്ട് ബിൽ ആയി നൽകുന്ന തുകകൾ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല .

ഉദാഹരണമായി താഴെ കൂടരഞ്ഞി ആരോഗ്യ ഉപകേന്ദ്രം കെട്ടിട നിർമ്മാണത്തിനായി തൻവർഷം 15,51,194/- രൂപയുടെ പാർട്ട് ബിൽ നൽകിയിട്ടുണ്ട്. ആയത് ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല .

## 1-1-6 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി പ്രതിമാസം ഡിമാന്റ് ചെയ്തിട്ടില്ല. 2024-25 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നമ്പർ / തീയതി |
|---|---|---|
| 110100101 | Property Tax On Residential Buildings | 42401356/31.03.2025 |
| 110100102 | Property Tax On Non Residential | 42401360/31.03.2025 |

## 1-1-7 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് . ട്രഷറി അക്കൗണ്ടുകളുടെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റ് പ്രകാരമുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് തുകകളുടെ 31/3/2025 ലെ നീക്കിയിരിപ്പും (ഷെഡ്യൂൾ ബി-4) അവയുടെ ബാങ്ക് അക്കൗണ്ടുകളുടെ 31/3/25 ലെ നീക്കിയിരിപ്പും (ഷെഡ്യൂൾ ബി-17) പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ.

| ക്രമ നമ്പർ | ശീർഷകം | ഇനം | ബി -4 പ്രകാരം | ബി -17 /ബാങ്ക് റിക്കൺസിലിയേഷൻ എന്നിവ പ്രകാരം |
|---|---|---|---|---|
| 1. | 320200104 | Development Fund CFC-BASIC TAX GRANT | 22,54,947 | 72,18,155 (Tied, Untied ഫണ്ടിന്റെ ആകെ തുക) |
| 2 | 320200113 | Development Fund CFC-Tied | 49,97,343 | |

| | | | | |
|---|---|---|---|---|
| | | Fund | | |
| 3 | 320300102 | JalaNidhi | 3,39,421 | 1,85,542 |

മേൽപ്പറഞ്ഞ ബി 4, ബി 17 എന്നിവയിലെ തുകകൾ പൊരുത്തപ്പെടാത്തതിന്റെ കാരണം ബോധിപ്പിക്കേണ്ടതാണ് .

## 1-1-8 കാലഹരണപ്പെട്ട സ്റ്റെയിൽ ചെക്ക് തുകകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല

ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിലെ Liability In Respect Of Stale Cheque ഇനത്തിൽ 1888/-രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത തുകകളിൽ മൂന്ന് വർഷം കഴിഞ്ഞ ചെക്കുകളിലെ തുകകൾ വരുമാന ശീർഷകത്തിൽ മാറ്റുന്നതിനായി സ്വീകരിച്ച നടപടി അറിയിക്കേണ്ടതാണ് .

## 1-1-9 വാർഷിക കണക്കിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല

2023-24 ലെ വാർഷിക കണക്ക് B15 ഷെഡ്യൂൾ പ്രകാരം Receivables For Property Tax On Non Residential Building (Arrear) ഇനത്തിൽ 22,680/-രൂപ മാത്രമാണ് കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നത് . Receivables For Property Tax On Residential Building (Arrear) ൽ കുടിശ്ശികയൊന്നും പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ല .

എന്നാൽ 2024-25 ലെ വാർഷിക കണക്കിൽ RP-45 ഷെഡ്യൂൾ പ്രകാരം Receivables For Property Tax On Residential Building (Arrear) 80176/-രൂപ വരവുണ്ട് . വസ്തു നികുതി കുടിശ്ശിക കണക്കിലെ അപാകത വിശദീകരിക്കേണ്ടതാണ്.

## 1-1-10 Bank Reconciliation Statement- ൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

SBI തനതുഫണ്ടിനായുള്ള 30917491165 നമ്പർ അക്കൗണ്ടിന്റെ 2025 February മാസത്തെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ 2024 ജൂലൈ മുതൽ 2025 ജനുവരി വരെ 17 എൻട്രികളിലായി Directly Credited By Bank ആയി 9,28,085/-രൂപ വരവു വന്നിട്ടുണ്ട് .ആയത് ക്രമീകരിച്ചത് മാർച്ച് മാസത്തിലാണ് .

ഇതേ അക്കൗണ്ടിൽ നിന്നും 31.3.24 ന് Directly Debited By Bank ആയി 100രൂപ Debit ചെയ്തത് 31.3.25 വരേയും ക്രമീകരിച്ചിട്ടില്ല .

## 1-1-11 ബാങ്കിൽ നിക്ഷേപിച്ച ചെക്കുകൾ ക്രഡിറ്റ് ആയില്ല.

I.Service Co-Op Bank Own Fund A/C 108 ൽ Cheque Deposited But Not Cleared എന്ന ശീർഷകത്തിൽ 25.9.18 ന് 9223779 നമ്പർ ചെക്ക് പ്രകാരമുള്ള 1250/-രൂപ 31.3.25 വരേയും ക്രമീകരിച്ചിട്ടില്ല .

Ii.South Indian Bankൽ QR കോഡ് പേയ്മെന്റിനായുള്ള 193 നം അക്കൗണ്ടിന്റെ

റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ Cheque Deposited But Not Cleared എന്ന ശീർഷകത്തിൽ 31.3.24 തിയ്യതിയിലെ 2 ചെക്കുകളിലായി 14,600 രൂപ (6850,7750) റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ 2025 February വരെ വരവു വരാതിരിക്കുകയും 2025 മാർച്ച് മാസം വരവു വന്നതും എങ്ങനെയെന്ന് വ്യക്തമാക്കേണ്ടതാണ് .

Iii.SBI Epayment നായുള്ള 7941 നമ്പർ അക്കൗണ്ടിന്റെ 2025 March മാസത്തെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ Cheque Deposited But Not Cleared എന്ന ശീർഷകത്തിൽ 30.11.24 തിയ്യതിയിലുള്ള 1,21,766/-രൂപയുടെ ചെക്ക് 2025 മാർച്ച് മാസം വരെ കളക്ഷൻ ആയിട്ടില്ല

Cheque Deposited But Not Cleared എന്ന ശീർഷകത്തിൽ ചെക്കുകൾ കളക്ഷൻ ആവാത്തതിന് സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കേണ്ടതാണ് .

## 1-1-12 ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല .

SBI യിൽ – MP Fund നായുള്ള 32405372564 നമ്പർ അക്കൗണ്ടിൽ ഇടപാടുകൾ നടക്കുന്നില്ല. എന്നാൽ 3 മാസം കൂടുമ്പോൾ പലിശ അക്കൗണ്ടിൽ വരവു വരുന്നുണ്ട്. 25.12.24 നു ശേഷമുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല. 2024-25 സാമ്പത്തിക വർഷം പ്രസ്തുത അക്കൗണ്ടിന്റെ റീകൺസിലിയേഷൻ നടത്തിയിട്ടില്ല.

എല്ലാ ബാങ്ക് അക്കൗണ്ടുകളുടേയും പ്രതിമാസ റീകൺസിലിയേഷൻ നടത്തുന്നില്ല. ചുവടെ ചേർക്കുന്ന അക്കൗണ്ടുകളുടെയും റീ കൺസിലിയേഷൻ ഈ സാമ്പത്തിക വർഷം നടത്തിയിട്ടില്ല.

| അക്കൗണ്ട് നമ്പർ |
| --- |
| KERALA GRAMIN BANK 40180100110075 |
| KERALA GRAMIN BANK 40180101014587 |
| KERALA GRAMIN BANK 40180101014921 |

## 1-1-13 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് തുക രസീതി നൽകി കണക്കിലെടുത്തില്ല

ICDS ഫണ്ടിനായുള്ള KERALA GRAMIN BANK ലെ 24265 നമ്പർ അക്കൗണ്ടിൽ Directly Credited By Bank എന്ന ശീർഷകത്തിൽ 5/2024 മുതൽ വരവു വന്ന തുകകൾ 2025 മാർച്ച് മാസം വരെ രസീത് ആക്കിയിട്ടില്ല.

## 1-1-14 നിക്ഷേപ സർട്ടിഫിക്കറ്റ് ലഭ്യമല്ല

ധനകാര്യപത്രികയുടെയും മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ 1100/- രൂപയുടെ നിക്ഷേപം ഉണ്ട്. ഇൻവെസ്റ്റ്മെന്റ് വിവരങ്ങൾ രേഖപ്പെടുത്തിയ ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററോ, നിക്ഷേപ രേഖകളോ ഗ്രാമപഞ്ചായത്ത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-1-15 വരവ് ചെലവ് ഷെഡ്യൂളുകളുടെ ആകെ തുകയിൽ ഇരട്ടിപ്പ്

എയിംസിൽ അപ്‌ലോഡ് ചെയ്ത റസീപ്റ്റ് & പെയ്മെന്റ് അക്കൗണ്ട്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നീ പത്രികകളിലെ അബ്സ്ട്രാക്ടിലെ തുകയും അതാത് അക്കൗണ്ടുകളുടെ ഷെഡ്യൂളിനൊപ്പം ലഭ്യമാക്കിയ അബ്സ്ട്രാക്ടിലെ തുകയും വ്യത്യസ്തമാണ്.

## 1-2 ബഡ്ജറ്റ്

കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.02.2024 തീയതിയിലെ 01-ാം നമ്പർ തീരുമാന പ്രകാരവും, പുതുക്കിയ ബഡ്ജറ്റ് 22.3.2025 ലെ 02 നമ്പർ തീരുമാന പ്രകാരവും അംഗീകരിക്കപ്പെട്ടു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്ക് താഴെ ചേർക്കുന്നു.

| | |
|---|---:|
| മുന്നിരിപ്പ് | 1,24,56,798 |
| വരവ് | 21,55,38,000 |
| ആകെ | 22,79,94,798 |
| ചെലവ് | 21,49,97,883 |
| നീക്കിയിരിപ്പ് | 1,29,96,915 |

## 1-3 സാമ്പത്തിക വിശകലനം

(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---:|
| മുന്നിരിപ്പ് | 3,34,39,781 |
| വരവ് | 5,89,96,814 |
| ആകെ | 9,24,36,595 |
| ചെലവ് | 5,88,82,970 |
| നീക്കിയിരിപ്പ് | 3,35,53,625 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക |
|---|---:|---:|---:|---:|---:|
| വികസന ഫണ്ട് (ജനറൽ) | 0 | 2,49,51,000 | 2,49,51,000 | 2,49,51,000 | 0 |
| വികസന | 0 | 18,80,000 | 18,80,000 | 18,80,000 | 0 |

| | | | | | |
|---|---|---|---|---|---|
| ഫണ്ട് (എസ്.സി.പി) | | | | | |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 15,30,000 | 15,30,000 | 15,30,000 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 1,68,73,000 | 1,68,73,000 | 1,52,62,297 | 16,10,703 |
| മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്) | 0 | 53,49,000 | 53,49,000 | 49,94,715 | 3,54,285 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്)–ബാങ്ക് | 9,52,733 | 42,04,000 + Int -1,90,151= 43,94,151 | 53,46,884 | 30,91,937 | 22,54,947 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്)–ട്രഷറി | 0 | 1,256 | 1,256 | 0 | 1,256 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) –ബാങ്ക് | 9,02,710 | 94,37,000 | 1,03,39,710 | 53,42,367 | 49,97,343 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ട്രഷറി | 0 | 5,87,053 | 5,87,053 | 5,44,616 | 42,437 |

B4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ സെൻട്രൽ ഫിനാൻസ്

കമ്മീഷൻ ഗ്രാന്റ് ടൈഡ്, അൺ ടൈഡ് ഫണ്ടുകളുടെ ആകെ തുക 72,52,290/- രൂപയാണ് . എന്നാൽ B -17 ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നത് 72,18,155/- രൂപയാണ് .

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## **1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെയും അവ നടപ്പാക്കിയതിന്റെയും വിവരം താഴെ കൊടുക്കുന്നു. (ഐ.കെ.എം ചെലവ് പത്രിക പ്രകാരം)

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ആകെ വകയിരുത്തിയ പദ്ധതി തുക | ആകെ പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 226 | 165 | 17,13,67,394/- | 8,79,81,235/- | 73 |

## **1-6 ക്യാഷ് ബാലൻസ് പരിശോധന**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.09.2025 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ല എന്ന് ബോധ്യപ്പെട്ടു.

## **1-7 പഞ്ചായത്തിന്റെ പരിധിയിലുള്ള ഫോഗി മൗണ്ടെയിൻ അമ്യുസ്മെന്റ് പാർക്ക് വിനോദനികുതി ഈടാക്കാത്തതിനാൽ വലിയ വരുമാന നഷ്ടമുണ്ടാക്കുന്നു.**

31-04-2024 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ.(കൈ) നം.17/2024/LSGD നമ്പർ ഉത്തരവിലെ ഖണ്ഡിക 2 ക്രമ നമ്പർ 3 പ്രകാരം അമ്യുസ്മെന്റ് പാർക്കിന് വിനോദ നികുതി ഈടാക്കാവുന്നതാണ്. കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ കെട്ടിട നമ്പർ 5/124/F പ്രകാരം ഫോഗി മൗണ്ടെയിൻ എന്ന അമ്യുസ്മെന്റ് പാർക്ക് പ്രവർത്തിക്കുന്നുണ്ട്. സഞ്ചയ പരിശോധിച്ചതിൽ കെട്ടിടത്തിന്റെ നികുതി 2024 ആദ്യ പാദത്തിൽ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ സ്ഥാപനത്തിൽ നിന്നും വിനോദനികുതി ഈടാക്കിയതായി കാണുന്നില്ല. 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ടാക്സ് ആക്ടിലെ വകുപ്പ് 3 ബി പ്രതിപാദിക്കുന്ന നിരക്ക് പ്രകാരം അമ്യൂസ്മെന്റ് പാർക്കിന്റെ മൂലധനം, വിസ്തീർണ്ണം എന്നിവ കണക്കിലെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓരോ

കാറ്റഗറിയിലെ താഴ്ന്നതും ഉയർന്നതുമായ നിരക്കുകൾക്കിടയിലെ തുക വാർഷിക നികുതിയായി തീരുമാനിക്കാവുന്നതാണ്. സ്ഥാപനത്തിന് 2024-25 സാമ്പത്തിക വർഷം പത്ത് കോടിക്ക് മുകളിൽ ആസ്തി ഉള്ളതിനാൽ 15,000/- രൂപ ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. സ്ഥാപനത്തിന് പത്ത് കോടിക്ക് മുകളിൽ ആസ്തി ഉള്ളതിനാൽ കേരള ലോക്കൽ അതോറിറ്റീസ് ആക്റ്റ് 1961 വകുപ്പ് 3 ബി പ്രകാരം കാറ്റഗറി സി യോ അതിന്റെ മുകളിലെ കാറ്റഗറിയിലോ ഉൾപ്പെടുത്താവുന്നതാണ്. കാറ്റഗറി സി വിഭാഗത്തിൽ ഉൾപ്പെടുകയാണെങ്കിൽ 25 ലക്ഷം മുതൽ 30 ലക്ഷം വരെയുള്ള നികുതി പഞ്ചായത്തിന് തീരുമാനിക്കാവുന്നതാണ് . മേൽ പറഞ്ഞ അപാകതകളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/24-25) മറുപടി ലഭ്യമാക്കിയിട്ടില്ല. അമ്യൂസ്മെന്റ് പാർക്കിൽ നിന്നും ആസ്തിക്ക് അനുസൃതമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ വിനോദ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-8 റിസോർട്ട് കെട്ടിടത്തിന് നമ്പർ അനുവദിച്ച ശേഷം അധിക നിർമ്മാണം നടത്തി

ഗ്രാമപഞ്ചായത്തിൽ വാണിജ്യ കെട്ടിടത്തിന് ഒക്യുപ്പൻസിയും കെട്ടിട നമ്പറും വാങ്ങിയ ശേഷം കെട്ടിടത്തിൽ നിയമവിരുദ്ധമായ മാറ്റങ്ങൾ വരുത്തുന്നതായി കാണുന്നു. പഞ്ചായത്ത് നിയോഗിച്ച ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ കെട്ടിടങ്ങളുടെ സ്ഥല പരിശോധന 23.09.2025 ന് നടത്തിയപ്പോൾ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | 5/ 419 E |
| കെട്ടിട ഉടമ | റഫ്സീന വേങ്ങാട്ട്, ഫറോക്ക്, 9846649000 |
| റീ സർവേ നമ്പർ | 150/2585 |
| വില്ലേജ് | കൂടരഞ്ഞി |
| വാർഡ് നമ്പർ | 5- കക്കാടംപൊയിൽ |
| കെട്ടിടത്തിന്റെ ഉപയോഗക്രമം (സഞ്ചയ പ്രകാരം) | റിസോർട്ടുകൾ |

151.47ച.മീ തറ വിസ്തീർണ്ണമുള്ള റിസോർട്ട് കെട്ടിടത്തിന് കംപ്ലീഷൻ പ്ലാനിൽ നിന്ന് അധികമായി സ്വിംമിങ്ങ് പൂൾ, സ്വിമ്മിങ്ങ് പൂളിന്റെ അടി വശത്തായി രണ്ട് കോട്ടേജുകൾ, റിസപ്ഷൻ കൗണ്ടർ, ഹാൾ എന്നിവ അധികമായി നിർമ്മിച്ചതാണ് എന്ന് സ്ഥല പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ആയത് റെഗുലെറയ്സ് ചെയുകയോ, നികുതി ഈടാക്കുകയോ ചെയ്യുന്നില്ല. ആയത് പഞ്ചായത്തിന്റെ നികുതി നഷ്ടപ്പെടാൻ കാരണമാക്കുന്നു. മേൽ പറഞ്ഞ അപാകതയുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/24-25) മറുപടി ലഭ്യമാക്കിയിട്ടില്ല.

രണ്ട് നിലകൾ വരെയുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളും, 50 ചതുരശ്രമീറ്റർ

വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി1, ജി2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ഒക്യപെൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് 2019ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21(1)-ൽ വ്യക്തമാക്കിയിട്ടുണ്ട്. പിന്നീട് രണ്ട് വർഷത്തിന് ശേഷം ഏപ്പോൾ വേണമെങ്കിലും പോസ്റ്റ് ഒക്യുപെൻസി നടത്താമെന്ന് മേൽ ചട്ടത്തിലെ ചട്ടം 21(2)-ലും വ്യക്തമാക്കിയിട്ടുണ്ട്. ഒക്യുപ്പൻസിയും കെട്ടിട നമ്പറും വാങ്ങിയ ശേഷം കെട്ടിടത്തിൽ ചട്ട വിരുദ്ധമായ മാറ്റം വരുത്തി ഉപയോഗിക്കുന്നത് പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് കൃത്യമായ ഇടവേളകളിൽ നടത്താത്തതുകൊണ്ടാണ് എന്ന് വ്യക്തമാണ്. നമ്പർ അനുവദിച്ച ശേഷം അധിക നിർമ്മാണം നടത്തിയതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ഒക്യുപെൻസി അനുവദിച്ച മറ്റ് കെട്ടിടങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റിന് വിധേയമാക്കി അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-9 ഒരാളുടെ പേരിൽ ഒന്നിലധികം പാർപ്പിടകെട്ടിടങ്ങൾ - കുറഞ്ഞ നികുതി നിരക്കിൽ അനുവദിക്കുന്നതിനാൽ പഞ്ചായത്തിന് നികുതി നഷ്ടം

05.04.2023-ലെ സ.ഉ(അച്ചടി).നം.25/2023/LSGD ഉത്തരവ് പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമം അനുസരിച്ച് ബാധകമാകുന്ന നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ തുക എത്രയെന്ന് പരാമർശിച്ചിട്ടുണ്ട്. അതുപ്രകാരം വസ്തു നികുതിയുടെ പരിഷ്കരിച്ച നിരക്കുകൾ ഭരണ സമിതിയുടെ 26.08.2023 ലെ 1 (1) നമ്പർ തീരുമാന പ്രകാരം പുതുക്കി നിശ്ചയിച്ച് അന്തിമ വിജ്ഞാപനം പഞ്ചായത്ത് പുറപ്പെടുവിച്ചിട്ടുമുണ്ട്. ടി വിജ്ഞാപന പ്രകാരം പാർപ്പിട ആവശ്യത്തിനു ഉപയോഗിക്കുന്ന കെട്ടിടങ്ങളെ A, B, C, D, E എന്നിങ്ങനെ ഉപവിഭാഗങ്ങൾ ആയി വീണ്ടും തരം തിരിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ന്യൂ ബിൽഡിംഗ് രജിസ്റ്റർ പരിശോധിച്ചതിൽ ഒരാളുടെ പേരിലുള്ള ഒന്നിലധികം പാർപ്പിടകെട്ടിടങ്ങളെ സ്വന്തം താമസത്തിനുപയോഗിക്കുന്ന പാർപ്പിടങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 7/- രൂപ (300 ച മീ താഴെ), 9 രൂപ (300 ച മീ മുകളിൽ) നിരക്കിലാണ് നികുതി ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് കാണുന്നു. ഉടമസ്ഥൻ വാടകയ്ക് നൽകുവാനുപയോഗിക്കുന്ന കെട്ടിടങ്ങളെ മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ എന്ന് കണക്കാക്കി ചതുരശ്ര മീറ്ററിന് 60 /- രൂപ (300 ച മീ താഴെ), 70/- രൂപ (300 ച മീ മുകളിൽ) എന്ന നിരക്കിൽ നികുതി ചുമത്താത്തതിനാൽ വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ ഡോർ നമ്പർ | വിസ്തീർണ്ണം (ച.മീ.) | ഉടമസ്ഥന്റെ പേര് | നിലവിൽ കാണിച്ച ഉപയോഗ ക്രമം/ | യഥാർത്ഥത്തിൽ കാണിക്കേണ്ട ഉപയോഗ ക്രമം/ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | ഏർപ്പെടുത്തിയ നികുതി നിരക്ക് | ഏർപ്പെടുത്തേണ്ട നികുതി നിരക്ക് |
| 1 | 13/389 F | 66.51 | അബ്ദുൾ ഖാദർ | സ്വന്തം പാർപ്പിടാവശ്യം 300 ചതുരശ്ര മീറ്റർ മുകളിൽ ഉള്ളവ- 9/-രൂപ | ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ 300 ചതുരശ്ര മീറ്റർ മുകളിൽ ഉള്ളവ 70/- രൂപ |
| | 12/389 G | 66.51 | | | |
| 2 | 6/24 D | 111.37 | ഹബീബ് | സ്വന്തം പാർപ്പിടാവശ്യം 300 ചതുരശ്ര മീറ്റർ മുകളിൽ ഉള്ളവ- 9/-രൂപ | ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ 300 ചതുരശ്ര മീറ്റർ മുകളിൽ ഉള്ളവ 70/- രൂപ |
| | 6/24 E | 111.56 | | | |
| | 6/24 F | 108.37 | | | |
| | 6/24 G | 111.37 | | | |
| | 6/24 H | 111.56 | | | |
| | 6/ 24 I | 108.37 | | | |

ഉപയോഗക്രമം മാറി നികുതി നിർണ്ണയിച്ചു നൽകുമ്പോൾ പഞ്ചായത്തിന് നികുതിയിനത്തിൽ വലിയ കുറവ് സംഭവിക്കുന്നുണ്ട്. നികുതി നിർണയിക്കുമ്പോൾ കെട്ടിടങ്ങളുടെ ഉപവിഭാഗം 05.04.2023 ലെ സ.ഉ(അച്ചടി).നം.25/2023/LSGD ഉത്തരവ് പ്രകാരം കൃത്യമായി നിർവ്വചിക്കേണ്ടതാണ്. മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/23.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. സമാന സ്വഭാവത്തിലുള്ള മറ്റ് കെട്ടിടങ്ങൾ പരിശോധിക്കേണ്ടതും അപാകത പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-10 വസ്തുനികുതി പരിഷ്ക്കരണം - ഫീൽഡ് തല പരിശോധന

**പൂർത്തീകരിച്ചു - തുടർ നടപടി സ്വീകരിച്ചിട്ടില്ല**

വസ്തുനികുതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട 22/3/2023-ലെ സ.ഉ.(കൈ)നം.77/2023/Lsgd ഉത്തരവ് പ്രകാരം കെട്ടിടങ്ങളിലെ കൂട്ടിച്ചേർക്കലുകൾ, അനധികൃത നിർമ്മാണങ്ങൾ എന്നിവ കണ്ടെത്തി പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും ഫീൽഡ് തല പരിശോധന 30/6/2023 നുള്ളിൽ പൂർത്തീകരിക്കേണ്ടതുണ്ട്. എന്നാൽ വസ്തുനികുതി പരിഷ്ക്കരണ ഫയൽ പരിശോധിച്ചതിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൈസെറ്റിയെയാണ് ആയതിനായി നിയോഗിച്ചത്. ഫയൽ പരിശോധിച്ചതിൽ നാളിതുവരെ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിക്ക് 19,08,545/- രൂപ കൈമാറിയിട്ടുണ്ട്. ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി സർവേ പൂർത്തിയാക്കി 30-04-2025 തീയ്യതിയിൽ 7793 കെട്ടിടങ്ങളുടെ വിവരങ്ങൾ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ അതിൻമേൽ തുടർനടപടി സ്വീകരിച്ചതായി കാണുന്നില്ല. പരിഷ്കരണ ഫലമായി നികുതിയിനത്തിൽ ലഭിക്കേണ്ട വൻതുക പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാകാത്ത സ്ഥിതിവിശേഷം സംജാതമായതിന് വിശദീകരണം നൽകേണ്ടതാണ്. വസ്തു നികുതി പരിഷ്കരണം അടിയന്തിരമായി പൂർത്തിയാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**1-11 ഹാൻഡ് പമ്പ് റിപ്പയർ പ്രവൃത്തി - ഭൂജല വകുപ്പിൽ നിന്നും ബാക്കി തുക തിരികെ ലഭ്യമായില്ല.**

ചെലവ് - 16,200/- രൂപ ( തനത് ഫണ്ട് )

വൗച്ചർ നമ്പർ, തീയതി - 22400893 തീയതി 24.12.2024

ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡിലെ മരഞ്ചാട്ടി അങ്ങാടിയിലുള്ള കേടായ ഹാൻഡ് പമ്പ് പ്രവർത്തനക്ഷമമാക്കുന്നതിനായി ഭൂജല വകുപ്പ് കോഴിക്കോട് ജില്ലാ ഓഫീസറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 16,200/- രൂപ മേൽ വൗച്ചർ പ്രകാരം ഭൂജല വകുപ്പിൽ നിക്ഷേപിച്ചു. ഭൂജല വകുപ്പ് കോഴിക്കോട് ജില്ലാ ഓഫീസറുടെ 15.03.2025 ലെ GW/KKD/T-1075/2024 നമ്പർ കത്തു പ്രകാരം മേൽ പ്രവൃത്തി പൂർത്തിയാക്കിയതായും പ്രവൃത്തിക്കു ശേഷം ബാക്കി വന്ന 6,636/- രൂപ ഗ്രാമപഞ്ചായത്തിന് തിരികെ നൽകുന്നതാണെന്നും ആയതിനായി ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ അറിയിക്കേണ്ടതാണെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരം ബാങ്ക് അക്കൗണ്ട് വിവരങ്ങൾ അറിയിച്ചതായോ ഭൂജല വകുപ്പിൽ നിന്നും തുക തിരികെ ലഭിച്ചതായോ കാണുന്നില്ല. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 6/2024-25 തീയതി 23.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഭൂജല വകുപ്പിനെ അറിയിച്ച്, തുക തിരികെ ലഭ്യമാക്കി അറിയിക്കേണ്ടതാണ്. ആയതു വരെ ഈയിനത്തിൽ നടത്തിയതും തിരികെ ലഭിക്കാനുള്ളതുമായ 6,636/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-12 മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം | 45/25 |
| പ്രോജക്ട് | കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ എഫ്,എച്ച്.സി |
| വകയിരുത്തിയ തുക | 7,50,000 |
| ചെലവ് | 7,50,000 |
| ബിൽ നം | 424/14.1.25-4,00,000/- |
| | 425/14.1.25-2,50,000/- |
| | 482/5.3.25-1,00,000/- |
| | 7,50,000 |

എഫ്.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 'കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ' എന്ന പ്രൊജക്ട് പ്രകാരം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 7,50,000/- രൂപ KMSCL ന് കൈമാറിയിട്ടുണ്ട്. ഓഡിറ്റ് തിയ്യതിവരെയും മുഴുവൻ മരുന്നുകൾ ലഭ്യമായിട്ടില്ല. ലഭ്യമായ മരുന്നിന്റെ വിശദാംശം ചുവടെ ചേർക്കുന്നു ,

| ഇൻവോയിസ് നം, തിയ്യതി | ലഭ്യമായ മരുന്നിന്റെ വില (നികുതി ഉൾപ്പടെ) |
|---|---:|
| 4600, 16.6.25 | 29,492 |
| 5089 , 18.6.25 | 33,600 |
| 4570 ,12.6.25 | 14,868 |
| 6934,9.7.25 | 8,705 |
| 7206, 16.7.25 | 17,808 |
| ആകെ | 1,04,473 |

മരുന്നുകൾ പൂർണ്ണമായും ലഭിക്കുന്നതിന് സ്വീകരിച്ച നടപടി അറിയിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/23.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ പൂർണ്ണമായും ലഭ്യമാകുന്നതുവരെ 6,45,527/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-13 കൂമ്പാറ - പുന്നക്കടവ് - പീടികപ്പാറ റോഡ് - സർവേ നടപടികൾ പൂർത്തിയായില്ല.

ചെലവ് - 48,370/- രൂപ ( തനത് ഫണ്ട് )

വൗച്ചർ നമ്പർ - 22400892, തീയതി 24.12.2024

ഗ്രാമപഞ്ചായത്തിലെ കൂമ്പാറ – പുന്നക്കടവ് - പീടികപ്പാറ റോഡ് സർവേ നടത്തുന്നതിനായി താമരശ്ശേരി തഹസിൽദാർക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ റോഡ് സർവേക്കും മറ്റ് അനുബന്ധ ചെലവുകൾക്കുമായി 48,370/- രൂപയുടെ എസ്റ്റിമേറ്റ് തഹസിൽദാരിൽ നിന്നും ലഭ്യമായി. പ്രസ്തുത തുക മേൽ വൗച്ചർ പ്രകാരം താമരശ്ശേരി തഹസിൽദാർക്ക് സെക്രട്ടറി കൈമാറുകയും ചെയ്തിട്ടുണ്ട്. താമരശ്ശേരി താഹസിൽദാരുടെ 10.03.2025 ലെ പി.2/2092/2024 നമ്പർ ഉത്തരവ് പ്രകാരം കൂമ്പാറ – പുന്നക്കടവ് - പീടികപ്പാറ റോഡ് സർവേ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി താലൂക്ക് സർവേയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മേൽ സർവേ പൂർത്തിയാക്കിയതായി യാതൊരു വിവരവും ഫയലിൽ ഇല്ല. കൂമ്പാറ – പുന്നക്കടവ് - പീടികപ്പാറ റോഡ് സർവേ പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ സർവേ റിപ്പോർട്ട് താമരശ്ശേരി തഹസിൽദാരിൽ നിന്നും ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. സർവേ പൂർത്തിയാക്കിയിട്ടില്ലെങ്കിൽ ആയത് അടിയന്തിരമായി പൂർത്തിയാക്കുന്നതിന് താമരശ്ശേരി തഹസിൽദാർക്ക് കത്ത് നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 5/2024-25 തീയതി 23.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്. ആയതു വരെ ഈയിനത്തിലുള്ള 48,370/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-14 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങൽ - 33,376/- രൂപയുടെ മരുന്നുകൾ ലഭ്യമാവാൻ അവശേഷിക്കുന്നു

| | |
|---|---|
| പ്രോജക്ട്നം./പേര് | 107/25, ഗവ. ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 3,00,000/-മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | 3,00,000/- (ബിൽ നം. 476/01-03-2025) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

മേൽ ചേർത്ത പ്രകാരം കൂടരഞ്ഞി ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുകൾ വാങ്ങുന്നതിനായി 3,00,000/- രൂപ മുകളിൽ ചേർത്ത വിധം ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതു വരെയായി (ഓഡിറ്റ് തീയതി വരെ - 22.09.2025 വരെ) 2,66,624/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്. ബാക്കി തുകക്കുള്ള (33,376/-രൂപയുടെ) മരുന്നുകൾ ഹോംകോയിൽ നിന്നും ലഭ്യമാക്കുന്നതിനായി സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13-24/25) മറുപടി

ലഭ്യമാക്കിയില്ല. മരുന്ന് ലഭ്യമാവുന്നതുവരെ 33,376/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-15 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവു തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല.

ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരമുള്ള ചെലവിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം, പ്രോജക്ട് | ചെലവു തുക, ഫണ്ട്, ബിൽ നമ്പർ | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|
| 1 | 110/25, അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം | 1,00,000 – തനത് ഫണ്ട് - വൗച്ചർ നമ്പർ - 22401318 തീയതി 20.03.2025 | ജില്ലാ പഞ്ചായത്ത്, കോഴിക്കോട് |
| 2 | 221/25, സാമൂഹ്യ സുരക്ഷാ മിഷൻ വിഹിതം നൽകൽ | 2,00,000 - തനത് ഫണ്ട് - വൗച്ചർ നമ്പർ - 22401160 തീയതി 21.02.2025 | കേരള സാമൂഹ്യ സുരക്ഷാ മിഷൻ, തിരുവനന്തപുരം |
| | ആകെ | 3,00,000 | |

മേൽ പ്രകാരം കൈമാറിയ തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 4/2024-25 തീയതി 20.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകയുടെ വിനിയോഗ വിവരം ബന്ധപ്പെട്ടവരിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ മേൽപ്രകാരമുള്ള 3,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 അഡ്വാൻസ് രജിസ്റ്റർ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു .

1. അഡ്വാൻസ് രജിസ്റ്ററിൽ സംഗ്രഹം രേഖപ്പെടുത്തി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം വിവിധ ഹെഡ് കോഡുകളിലായി അനുവദിച്ച അഡ്വാൻസ് തുകകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല .

2. രജിസ്റ്റർ പ്രകാരം Advance To Implementing Officer എന്ന ശീർഷകത്തിൽ മുന്നിരിപ്പ് 2,80,000/-രൂപയ്ക് പുറമേ തൻവർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് 3,55,600/-രൂപയും ചേർത്ത് ആകെ 6,35,600/- രൂപ നൽകിയിട്ടുണ്ട്. തൻവർഷം നൽകിയ മുഴുവൻ അഡ്വാൻസ് തുകയും അഡ്ജസ്റ്റ് ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അഡ്ജസ്റ്റ് ചെയ്തതിന്റെ വിശദാംശം, തിയ്യതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല .

3. MGNREGA ക്കു നൽകിയ അഡ്വാൻസ് - കണക്കിൽ പൊരുത്തക്കേട്

MGNREGA അക്കൗണ്ടന്റ് ലഭ്യമാക്കിയ കണക്കിന്റേയും വാർഷിക കണക്ക്

പ്രകാരം MGNREGA ക്കു നൽകിയതും അഡ്ജസ്റ്റ് ചെയ്തതുമായ തുകയിലുമുള്ള പൊരുത്തക്കേടിന്റേയും വിശദാംശം ചുവടെ ചേർക്കുന്നു .

| ഇനം | MGNREGA ലഭ്യമാക്കിയ വിവരം | വാർഷിക കണക്കു പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 14,33,987 | 18,89,159 |
| തൻവർഷം അനുവദിച്ച അഡ്വാൻസ് | 18,82,137 | 19,49,864 |
| തൻവർഷം അഡ്ജസ്റ്റ് ചെയ്ത അഡ്വാൻസ് | 18,10,209 | 18,10,209 |
| അഡ്ജസ്റ്റ് ചെയ്യാൻ അവശേഷിക്കുന്ന തുക | 15,05,915 | 20,28,814 |

അഡ്വാൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലും പൂർണ്ണമല്ല. രജിസ്റ്റർ പ്രകാരം അഡ്വാൻസ് ആയി അനുവദിച്ചത് 19,55,994/- രൂപയും റീകൂപ്പ് ചെയ്തത് 13,01,748/- രൂപയുമാണ്. വ്യത്യാസത്തിനുള്ള കാരണം അറിയിക്കേണ്ടതാണ് .

4. Other Advances എന്ന ശീർഷകത്തിൽ തൻവർഷം 30,000/-രൂപ കേരളോത്സവം നടത്തിപ്പിനായി അനുവദിച്ചതായും അഡ്ജസ്റ്റ് ചെയ്തതായും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അഡ്വാൻസ് അനുവദിച്ചത് ആർക്കാണെന്നോ അഡ്ജസ്റ്റ് ചെയ്തതിന്റെ വിശദാംശമോ രജിസ്റ്ററിൽ ഇല്ല. അഡ്ജസ്റ്റ് ചെയ്തതിന്റെ തിയ്യതിയും ഇല്ല .

മുൻകൂറായി തുകകൾ അനുവദിക്കുമ്പോൾ അനുവദിക്കുന്ന/അഡ്ജസ്റ്റ് ചെയ്യുന്നതിന്റെ വിശദാംശം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.21/24-25, തീയതി 23.9.25) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് .

## 1-17 എക്സ്ട്രായിനങ്ങളുടെ നിരക്ക് കണക്കാക്കിയതിൽ പിശക്

പഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികളിൽ പലതും എസ്റ്റിമേറ്റ് പുതുക്കി, അളവിൽ മാറ്റം വരുത്തിയും, പുതിയ ഇനങ്ങൾ ഉൾപ്പെടുത്തിയുമാണ് നിർവ്വഹണം ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ എസ്റ്റിമേറ്റിൽ എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തുന്ന സാഹചര്യത്തിൽ, എക്സ്ട്രായിനത്തിന്റെ നിരക്ക് പ്രൈസിൽ ഓട്ടോമാറ്റിക് ആയി കണക്കുകൂട്ടുന്ന വിധത്തിലാണുള്ളത് (കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക്, LMRനിരക്ക്, ടെണ്ടർ വേരിയേഷൻ നിരക്ക് എന്നിവ താരതമ്യപ്പെടുത്തി). എന്നാൽ എക്സ്ട്രായിനത്തിൽ മാർക്കറ്റ് റേറ്റ് ഉൾപ്പെടുന്ന സംഗതികളിൽ നിരക്ക് നിശ്ചയിച്ചതിൽ (ടെണ്ടർ വേരിയേഷൻ കണക്കാക്കിയതിൽ) പിശക് കാണുന്നു.

പുഷ്പഗിരി കോതമ്പാനി റോഡ് ഡ്രൈനേജ് (പ്രോ.നം.15/25) നിർമ്മാണത്തിൽ പാറ പൊട്ടിക്കുന്നതിനുള്ള കെമിക്കൽ ബ്ലാസ്റ്റിറ്റിഗ് ഇനം ഉൾപ്പെടുത്തുന്നതിനായി എസ്റ്റിമേറ്റ് പുതുക്കിയാണ് പ്രവൃത്തി പൂർത്തീകരിച്ചത്. ജോൺ പുളിമൂട്ടിൽ എന്ന

കരാറുകാരൻ 18.16% കുറവ് നിരക്കിലാണ് പ്രവൃത്തി ഏറ്റെടുത്തിരുന്നത്. എസ്റ്റിമേറ്റ് പുതുക്കി എക്സ്ട്രാ ഇനമായി OD393014/2023-2024 ഉൾപ്പെടുത്തിയപ്പോൾ, 1 ഘ.മീ. പ്രവൃത്തിയുടെ നിരക്കായ 10010.39 രൂപയുടെ 18.16% കുറവ് കണക്കാക്കുന്നതിനു പകരം, 8446.73 രൂപയുടെ (Non Explosive മെറ്റീരിയലിന്റെ മാർക്കറ്റ് വില ഒഴിവാക്കിയ നിരക്ക്) 18.16% കുറവ് കണക്കാക്കി. അതായത് 8169.48 രൂപയ്ക്ക് പകരം 8476.46 രൂപ കണക്കാക്കി.

മുകളിൽ വിവരിച്ച വിധം തെറ്റായ രീതിയിൽ ടെണ്ടർ കുറവ് കണക്കാക്കുന്നതിന്റെ മാനദണ്ഡം വ്യക്തമല്ല. ആയത് വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/24-25, തി: 20.9.25) മറുപടി ലഭ്യമാക്കിയില്ല. എക്സ്ട്രായിനത്തിന്റെ നിരക്ക് കണക്കാക്കുന്നതിലെ അപാകത വിശദീകരിക്കേണ്ടതാണ്.

## 1-18 ഷീറ്റ് റൂഫുകൾക്ക് തയ്യാറാക്കിയ ഒബ്സേർവ്ഡ് ഡാറ്റകളിൽ വൈരുദ്ധ്യം

അസി.എഞ്ചിനീയർ വിവിധ മരാമത്ത് പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ചില സന്ദർഭങ്ങളിൽ ഒബ്സേർവ്ഡ് ഡാറ്റകൾ തയ്യാറാക്കി ഉൾപ്പെടുത്തി വരുന്നു. ഇത്തരത്തിൽ ഉൾപ്പെടുത്തി വരുന്ന ഒരിനമാണ് ഷീറ്റ് റൂഫിംഗിനായി ഉൾപ്പെടുത്തുന്ന ഒബ്സർവ്ഡ് ഡാറ്റ (OD). പഞ്ചായത്തിൽ ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ പരിശോധിച്ചതിൽ 0.35മി.മീ കനത്തിലുള്ള ഷീറ്റ് റൂഫുകൾക്കായി തയ്യാറാക്കിയ ഒബ്സേർവ്ഡ് ഡാറ്റകളിൽ വൈരുദ്ധ്യം കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

കക്കാടംപൊയിൽ വെറ്ററിനറി ഡിസ്പൻസറി അടിസ്ഥാന സൗകര്യം

DSRൽ ലഭ്യമായ 12.1.1 എന്നയിനത്തിന്റെ മോഡിഫൈഡ് ഡാറ്റയെന്ന വിധമാണ് ഈ പദ്ധതിക്കായി 0.35 മി.മീ. കനത്തിലുള്ള ഷീറ്റുപയോഗിച്ചുള്ള OD തയ്യാറാക്കിയിരിക്കുന്നത്. ഈയിനത്തിന്റെ ഡാറ്റ പരിശോധിച്ചതിൽ, ഇത് തയ്യാറാക്കാൻ അടിസ്ഥാനമാക്കിയ മാനദണ്ഡത്തിൽ അവ്യക്തത കാണുന്നു. Corrugated GS Sheet ഉപയോഗിച്ചുള്ള റൂഫിംഗിനുള്ളതാണ് DSR ലെ ഇനം 12.1.1 എന്നത്. ഇതിന്റെ ഡാറ്റ പരിശോധിച്ചാൽ 184.518 ച.മീ വിസ്തൃതിയിൽ റൂഫിംഗ് ചെയ്യാൻ വേണ്ടി വരുന്ന GS Sheet ന്റെ ഭാരം ക്വിന്റൽ അളവിൽ കണക്കാക്കി (2.5മീ നീളവും, 0.9മീ വീതിയുമുള്ള 19.35 കി.ഗ്രാം ഭാരം വരുന്ന ഷീറ്റുകൾ) ഇവയുപയോഗിച്ച് റൂഫിംഗ് ചെയ്യുന്നതിനുള്ള സാമഗ്രികളും, ഉയർന്ന ഭാരമുള്ള ഷീറ്റുകൾ കൈകാര്യം ചെയ്യുന്നതിനും, വേണ്ടി വരുന്ന മനുഷ്യാധ്വാനവും ഉൾപ്പെടുത്തി തയ്യാറാക്കിയതാണെന്ന് മനസ്സിലാകുന്നു. 184.518 ച.മീ. വിസ്തൃതിയിൽ പ്രവൃത്തി നടത്തുന്നതിന് വേയ്സ്റ്റേജ്, ഓവർലാപ്പിംഗ് എന്നിവയ്ക്കായി 30% ഓളം അധികം കണക്കാക്കിയിരിക്കുന്നതായും കാണുന്നു. അതായത് 184.518 ച.മീ. വിസ്തൃതി നിർമ്മാണത്തിന് 240.408 ച.മീ. ഷീറ്റിന്റെ വില ഉൾപ്പെടുത്തിയാണ് നിരക്ക് കണക്കാക്കിയിരിക്കുന്നത്. കൂടാതെ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്ന മനുഷ്യാധ്വാനം 12.1.1 ൽ വിവരിച്ച ഉയർന്ന ഭാരമുള്ള ഷീറ്റ് കൈകാര്യം ചെയ്യുന്നതിനുള്ളതാണ് (പെയിന്റിംഗിനുള്ള ലേബർ ഒഴിവാക്കി). ഈയിനത്തിന്റെ നിരക്ക് 602.8/-രൂപയാണ്

കണക്കാക്കിയിരിക്കുന്നത്.

കുളിരാമുട്ടി സാംസ്കാരിക നിലയം

ഈ പ്രവൃത്തിയിലെ ഇനത്തിന് അടിസ്ഥാനമാക്കിയ ഡാറ്റ ഏതെന്ന് വ്യക്തമല്ല. ഈയിനത്തിന്റെ ഡാറ്റ പരിശോധിച്ചതിൽ 216.14 ച.മീ. വിസ്തൃതിയിലുള്ള പ്രവൃത്തിയ്ക്ക് 233.65 ച.മീ ഷീറ്റിന്റെ നിരക്കാണ് കണക്കാക്കിയിട്ടുള്ളതെന്ന് കാണുന്നു. അതായത് 8% വർധനവ് മാത്രം. ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്ന മനുഷ്യാധ്വാനവും കുറവാണെന്ന് കാണാം. ഈയിനത്തിന് നിരക്ക് കണക്കാക്കിയത് 464.41/- രൂപയാണ്.

എന്നാൽ പഞ്ചായത്തിൽ മറ്റു ചില പദ്ധതികളിൽ ഷീറ്റ് റൂഫിംഗിനായി ഉൾപ്പെടുത്തിയത് DSR ഇനം 12.50 (0.5mm Precoated GI Profile Sheet) ആണ്. 0.5മി.മീ. കനത്തിലുള്ള ഷീറ്റ് പ്രവൃത്തിക്കായി ഈയിനങ്ങളിൽ ഉൾപ്പെടുത്തിയ സാമഗ്രികളുടെ/മനുഷ്യാധ്വാനത്തിന്റെ അളവുകളും, മറ്റു പ്രവൃത്തികളിൽ 0.35 മി.മീ. കനത്തിലുള്ള ഷീറ്റിനായി ഉൾപ്പെടുത്തിയ സാമഗ്രികളുടെ/മനുഷ്യാധ്വാനത്തിന്റെ അളവുകളും തമ്മിലുള്ള വൈരുദ്ധ്യം ശ്രദ്ധേയമാണ്. താരതമ്യത്തിന് താഴെ പട്ടിക കാണുക.

| ഇനം | കക്കാടംപൊയിൽ വെറ്ററിനറി ഡിസ്പൻസറി അടിസ്ഥാന സൗകര്യം **$184.518m^2$ വിസ്തൃതിയിൽ 0.35mm ഷീറ്റ്** | കുളിരാമുട്ടി സാംസ്കാരിക നിലയം **$216.14m^2$ വിസ്തൃതിയിൽ 0.35mm ഷീറ്റ്** | **$216.14m^2$ വിസ്തൃതിയിൽ 0.5mm ഷീറ്റ്** |
|---|---|---|---|
| | അളവ് | അളവ് | അളവ് |
| Galvanised Steel Bolts & Nuts | 88.4 (യൂണിറ്റ് 10 എണ്ണം) | 87.6(യൂണിറ്റ് 10 എണ്ണം) | -- |
| Galvanised Steel J Or L Hooks | 81.0 (യൂണിറ്റ് 10 എണ്ണം) | -- | 47.6 (യൂണിറ്റ് 10 എണ്ണം) |
| G.I Washer | 16.94 (യൂണിറ്റ് 100 എണ്ണം) | 87.6 (യൂണിറ്റ് 100 എണ്ണം) | 4.76 (യൂണിറ്റ് 100 എണ്ണം) |
| Bitumen Washer | 16.94 (യൂണിറ്റ് 100 എണ്ണം) | 87.6 (യൂണിറ്റ് 100 എണ്ണം) | 4.76 (യൂണിറ്റ് 100 എണ്ണം) |
| 0.35mm GI Traffold Sheet | 240.408 | 233.65 | 233.65 |
| Carpenter 2nd Class | 15.5 | 9.34 | 9.34 |

| | | | |
|---|---|---|---|
| Beldar | 15.5 | 9.34 | 9.34 |
| Mistry | 1.3 | 2.34 | 2.34 |

മുകളിൽ വിവരിച്ച രീതിയിൽ 0.35മി.മീ. കനത്തിലുള്ള ഷീറ്റുപയോഗിച്ച് നടത്തുന്ന പ്രവൃത്തികൾക്ക് ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കുന്നതിന് ഇനം 12.1.1 അടിസ്ഥാനപ്പെടുത്താനുണ്ടായ സാഹചര്യവും, കക്കാടംപൊയിൽ വെറ്ററിനറി ഡിസ്പൻസറി അടിസ്ഥാന സൗകര്യം പ്രവൃത്തിയിൽ ഷീറ്റിന്റെയും, മനുഷ്യാധ്വാനത്തിന്റെയും അളവ് കൂടുതലായി ഉൾപ്പെടുത്തിയതും വിശദീകരിക്കേണ്ടതാണ്.

ഒരേ തരത്തിലുള്ള പ്രവൃത്തികളിൽ മുകളിൽ വിവരിച്ച പ്രകാരം വ്യത്യസ്ത രീതിയിൽ ഡാറ്റ തയ്യാറാക്കുന്ന സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3/24-25/20.9.25) മറുപടി ലഭിച്ചിട്ടില്ല. വ്യത്യസ്ത രീതിയിൽ/നിരക്കിൽ ഡാറ്റ തയ്യാറാക്കിയതിന്റെ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

.

## 1-19 എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

പൊതുമരാമത്ത് പ്രവൃത്തികൾക്കായി അസി.എഞ്ചിനീയർ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾ പരിശോധിച്ചതിൽ വിവിധ തരം അപാകതകൾ കാണുന്നു. വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1. <u>ഒരേ തരം പ്രവൃത്തികൾക്ക് വ്യത്യസ്ത നിരക്കിലുള്ള ഇനങ്ങൾ</u>

വിവിധ പദ്ധതികളിൽ നടത്തിയിട്ടുള്ള 60 മി.മീ. കനത്തിലുള്ള ഇന്റർലോക്ക് പേവിംഗ് പ്രവൃത്തിക്കായി രണ്ടു വ്യത്യസ്ത നിരക്കിൽ ഒബ്സെർവ്ഡ് ഡാറ്റ തയ്യാറാക്കിയിരിക്കുന്നു. ഉദാഹരണമായി കൂമ്പാറ ഹോമിയോ ഹോസ്പിറ്റൽ യോഗ ഹാളിന്റെ നിർമ്മാണത്തിൽ ഇന്റർലോക്ക് വിരിക്കുന്നതിന് ഉൾപ്പെടുത്തിയ ഇനത്തിന്റെ നിരക്ക് 828.69 രൂപയാണ്. എന്നാൽ ഇതേ കനത്തിലുള്ള ഇന്റർലോക്ക് കട്ട വിരിക്കുന്നതിന് കക്കാടംപൊയിൽ വെറ്ററിനറി ഡിസ്പെൻസറി അടിസ്ഥാന സൗകര്യം പദ്ധതിയിൽ ഉൾപ്പെടുത്തിയത് 1021.85 രൂപ നിരക്കിലുള്ള ഇനമാണ്. ഈ രണ്ടു ഇനങ്ങളുടെ ഡാറ്റ പരിശോധിച്ചതിൽ രണ്ടിനത്തിലും ഇന്റർലോക്ക് കട്ടയുടെ നിരക്ക് ഒന്നാണ് ഉൾപ്പെടുത്തിയതെന്നും, ആദ്യത്തെ പ്രവൃത്തിയിൽ വില മാർക്കറ്റ് വിലയായി ഉൾപ്പെടുത്തിയതിനാൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കുന്നതിൽ നിന്നും ഒഴിവാക്കിയതിനാലാണ് നിരക്കിൽ കുറവുണ്ടായതെന്നും മനസ്സിലാകുന്നു. ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ നിരക്കിൽ 60mm ഇന്റർലോക്ക് കട്ടകൾ മാർക്കറ്റിൽ ലഭ്യമായിരിക്കെ മറ്റു പ്രവൃത്തികളിൽ DSR ലെ നിരക്കുൾപ്പെടുത്തി പ്രവൃത്തി നടപ്പാക്കിയത് വിശദീകരിക്കേണ്ടതാണ്.

2. <u>ആവശ്യകതയില്ലാത്ത/ആവശ്യകത വ്യക്തമാക്കാതെ ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുന്നു</u>

ചില പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ആവശ്യകതയില്ലാത്ത/ആവശ്യകത വ്യക്തമാക്കാതെ ഇനങ്ങൾ ഉൾപ്പെടുന്നതായി കാണുന്നു. ഉദാഹരണമായി, കൂമ്പാറ GTLP സ്കൂളിന്റെ നവീകരണ പ്രവൃത്തിയിൽ കെട്ടിടത്തിനു മുന്നിലെ വരാന്തയുടെ നീളം കൂട്ടുന്നതിനായി സോളിഡ് ബ്ലോക്ക് ഉപയോഗിച്ചുള്ള നിർമ്മാണം

ഉൾപ്പെടുത്തിയിരുന്നു. ഇതിനായി ഉൾപ്പെടുത്തിയ ഇനം 50.6.1.9 എന്നതാണ്. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ രണ്ടാം നില മുതൽ അഞ്ചാം നില വരെയുള്ള നിർമ്മാണത്തിനുപയോഗിക്കേണ്ട ഇനമാണെന്ന് വ്യക്തമാകുന്നു. ഈയിനം ഈ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല.

വിവിധ ഡ്രൈനേജുകളുടെ നിർമ്മാണത്തിൽ മണ്ണെടുക്കുന്ന പ്രവൃത്തിക്കായി ഉൾപ്പെടുത്തിയിരിക്കുന്നത് 3.5.1, 11.1.1.1 എന്നീയിനങ്ങളാണ്. ഇതിൽ 11.1.1.1 ന്റെ വിവരണം പരിശോധിച്ചാൽ ആഴമുള്ള ഖനനങ്ങളിൽ ഉപയോഗപ്പെടുത്തുന്ന ഇനമാണെന്നും, ഇതിൽ ഷോറിംഗ്, ബ്രേസിംഗ് എന്നിവ നിർമ്മിക്കുന്നതിനും, ബാക്ക് ഫില്ലിംഗിനുമുള്ള നിരക്ക് ഉൾപ്പെടുന്നുവെന്ന് കാണാം. ഡ്രൈനേജ് നിർമ്മാണത്തിൽ ശരാശരി 70cm മാത്രം വരുന്ന ഖനനത്തിന് ഈയിനം ഉൾപ്പെടുത്തുന്നതിന്റെ കാരണം വ്യക്തമല്ല.

3. റോഡിതര പ്രവൃത്തികൾക്ക് MORD അടിസ്ഥാനപ്പെടുത്തുന്നു

വിവിധ റോഡിതര പ്രവൃത്തികൾക്ക് മോർഡ് അടിസ്ഥാനപ്പെടുത്തുന്നതായി കാണുന്നു. ഉദാഹരണമായി, കല്ലിനി കൂരിയോട് തോട് സൈഡ് കെട്ട്, കക്കാടംപൊയിൽ ജി.എൽ.പി.സ്കൂൾ പ്ലേ ഗ്രൗണ്ട് നിർമ്മാണം എന്നിവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ മോർഡ് സ്പെസിഫിക്കേഷനിലുള്ള ഇനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. റോഡിതര പ്രവൃത്തികൾക്ക് DSR അടിസ്ഥാനപ്പെടുത്താത്തതിന്റെ കാരണം വ്യക്തമല്ല.

എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ മേൽ വിവരിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/24-25/23.9.25) മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-20 ഭരണസമിതി തീരുമാനത്തിന്മേൽ തുടർനടപടിയുണ്ടായില്ല

നിർവ്വഹണം: അസി.എഞ്ചിനീയർ

പ്രോജക്ട് : അംഗൻവാടികളുടെ നവീകരണം, നം.-168/25

അടങ്കൽ : 319513/-(സംരക്ഷണഗ്രാന്റ് റോഡിതരം)

ചെലവ് : 319485/-ബിൽ നം. 236/11.7.24

വാർഡ് 5 ലെ കക്കാടംപൊയിൽ അംഗൻവാടിയുടെ പിറകുവശത്ത് ഉള്ള വലിയ മൺത്തിട്ടയും, കരിമ്പാറയും ഉൾപ്പെടുന്ന ഭാഗം ഇടിഞ്ഞുവീഴാൻ സാധ്യതയുള്ളതിനാൽ, മണ്ണ്, പാറ എന്നിവ സുരക്ഷിതമായ അളവിൽ എടുത്തുമാറ്റി കോൺക്രീറ്റ് പാർശ്വഭിത്തി നൽകുന്നതിനാണ് ഈ പദ്ധതി രൂപീകരിച്ചത്. പ്രവൃത്തിയുടെ അളവു പുസ്തകം പ്രകാരം 114.623 ഘ.മീ. മണ്ണും, 11.528 ഘ.മീ. പാറയും (Excavation Without Blasting-7.888$m^3$+ Chemical Blasting-3.64$m^3$) നീക്കം ചെയ്തിട്ടുണ്ട്.

മേൽ അങ്കണവാടി റോഡ് നിരപ്പിൽ നിന്നും 10 മീറ്ററിലധികം ഉയരത്തിലാണ് സ്ഥിതി ചെയ്യുന്നത് എന്നതിനാലും ഇത്തരത്തിൽ പൊട്ടിച്ചെടുത്ത പാറ ലേലം ചെയ്താൽ, ഈ കല്ലുകൾ ഉയരത്തിൽ നിന്നും താഴേക്ക് ഇറക്കിക്കൊണ്ടുവരുന്നതിന് പ്രയാസമായതിനാലും ആരും ഏറ്റെടുക്കാൻ സാധ്യതയില്ലെന്നും, ആയതിനാൽ

പൊട്ടിച്ചു മാറ്റിയ ഉപയോഗയോഗ്യമായ കല്ലുകൾ കരാറുകാരന് നൽകി ബില്ലിൽ നിന്നും കിഴിവ് വരുത്തുന്നതാവും ഉചിതമെന്നും അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ, ഭരണ സമിതിയുടെ 5.3.2024 ലെ തീരുമാനം 16 മുഖേന പൊട്ടിച്ചുമാറ്റിയ ഉപയോഗയോഗ്യമായ കല്ലുകൾ കരാറുകാരന് നൽകി തുക ബില്ലിൽ നിന്നും കുറവ് ചെയ്യുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പൊട്ടിച്ചെടുത്തതിൽ ഉപയോഗക്ഷമമായ പാറയുടെ അളവെത്രയെന്ന് രേഖപ്പെടുത്തുകയോ, പ്രവൃത്തിയുടെ ബിൽ തുകയിൽ വില അഡ്ജസ്റ്റ് ചെയ്യുകയോ ചെയ്തിട്ടില്ല. ഭരണസമിതി തീരുമാനം നടപ്പാക്കിയതിന്റെ വിശദാംശം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/24-25/23.09.2025) അസി.എഞ്ചിനീയർ നൽകിയ മറുപടി ഇപ്രകാരമാണ്.

"*കരാറുകാരന് പ്രസ്തുത പ്രവൃത്തിയിൽ ഈ മണ്ണിന്റെയും പാറയുടെയും ആവശ്യകതയില്ലാതിരുന്നതിനാൽ ബില്ലിൽ നിന്നും വില കുറവു ചെയ്യാൻ തയ്യാറായില്ല. ഉരുളൻ പാറകൾ നിർമ്മാണങ്ങൾക്കുതകുന്നവയല്ല. കെമിക്കൽ ബ്ലാസ്റ്റിംഗിലൂടെ ലഭിച്ച കുറഞ്ഞ അളവു മാത്രമാണ് ഉപയോഗയോഗ്യമായത്. ആയതിനാൽ അംഗൻവാടി കോമ്പൗണ്ടിൽ സൂക്ഷിച്ചിരുന്ന ഇവ തൊട്ടടുത്തുള്ള കുഴിയിലേക്കും, തൊട്ടടുത്ത പറമ്പിലേക്കും നീക്കുകയാണുണ്ടായത്. ഈ സമയം സ്ഥലം മാറിപ്പോയതിനാൽ വിവരം രേഖാമൂലം ഭരണസമിതിയെ അറിയിക്കാൻ സാധിച്ചില്ല*".

ഭരണസമിതിയെ ഇക്കാര്യം ബോധിപ്പിക്കുന്നതിന് നിലവിലെ അസി.എഞ്ചിനീയർക്ക് കത്ത് നൽകിയതിന്റെ പകർപ്പ് മറുപടിക്കൊപ്പം ലഭ്യമാക്കിയിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ തീരുമാനം/അഭിപ്രായം അറിയിക്കേണ്ടതാണ്.

**1-21 കൃഷിഭവൻ കെട്ടിടം അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ-അപാകതകൾ**

പ്രോജക്ട് നം : 94/25
Price Est No: 100392/2024
അടങ്കൽ : 448720/-സംരക്ഷണഗ്രാന്റ് റോഡിതരം
ചെലവ് : 429129/-ബിൽ നം.593/22.3.25

കൃഷിഭവൻ കെട്ടിടത്തിന്റെ വിവിധ നവീകരണ പ്രവൃത്തികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തകർന്ന കോമ്പൗണ്ട് വാൾ പുനഃനിർമ്മാണം, മുറ്റം ഇന്റർലോക്ക്, മുറ്റം ഷീറ്റിടൽ, റെഡിമെയ്ഡ് സെപ്റ്റിക് ടാങ്ക് സ്ഥാപിക്കലും, സോക്ക് പിറ്റ് നിർമ്മാണം തുടങ്ങിയ പ്രവൃത്തികളാണ് എസ്റ്റിമേറ്റിലെ പ്രധാന ഇനങ്ങൾ. പ്രവൃത്തി ഫയലും, നിർമ്മാണം ഓഡിറ്റിന്റെ ഭാഗമായി സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ (22.9.25ന്) നേരിലും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. റെഡിമെയ്ഡ് സെപ്റ്റിക് ടാങ്ക് നിർമ്മാണത്തിൽ മണ്ണ് പ്രവൃത്തിക്ക് തുക നൽകി

ഈ പ്രവൃത്തിക്കായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനം 51.19.ST4 ആണ്. ഈയിനത്തിന്റെ ഡാറ്റ പരിശോധിച്ചാൽ പി.വി.സി. സെപ്റ്റിക് ടാങ്ക് സ്ഥാപിക്കുന്നതിന്

മണ്ണ് കുഴിക്കുന്നതിനുള്ള നിരക്കു കൂടി ഉൾപ്പെടുന്നുവെന്ന് കാണാം. എന്നാൽ ഈ പ്രവൃത്തിയിൽ സോക്ക് പിറ്റിനും, സെപ്റ്റിക് ടാങ്കിനുമായി ഒരുമിച്ച് കുഴിയെടുത്ത് അളവു രേഖപ്പെടുത്തി തുക നൽകിയിരിക്കുന്നു. സെപ്റ്റിക് ടാങ്ക് സ്ഥാപിക്കുന്നതിനായി തറയിൽ നൽകിയ കോൺക്രീറ്റിന്റെ അളവ് 2.6 X 1.7 ആണെന്നിരിക്കെ ഈ അളവിൽ (2.6 X 1.7 X 1.1 =4.862$m^3$) എടുത്ത കുഴിക്ക് പ്രത്യേകം തുക കണക്കാക്കേണ്ടതില്ല. ഈയിനത്തിൽ 193 രൂപ നിരക്കിൽ ആകെ 938.37 രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

2. <u>എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ ഷീറ്റ് ഉപയോഗിച്ചു</u>

എസ്റ്റിമേറ്റിൽ മുറ്റം ഷീറ്റ് വിരിക്കുന്നതിന് ഉൾപ്പെടുത്തിയ ഇനം 12.50 ആണ്. 0.5 മി.മീ. കനത്തിലുള്ള പ്രീകോട്ടഡ് ഗാൽവനൈസ്ഡ് അയൺ പ്രൊഫൈൽ ഷീറ്റ് ആണ് ഇതിനുപയോഗിക്കേണ്ടത്. എന്നാൽ പ്രവൃത്തിയിൽ ഉപയോഗിച്ചിരിക്കുന്നത് 0.35 മി.മീ. കനത്തിലുള്ള ഷീറ്റുകളാണ്. എസ്റ്റിമേറ്റ് പ്രകാരം 743.34/- രൂപയാണ് ഇനം 12.50 ന്റെ നിരക്ക്. യഥാർത്ഥത്തിൽ പ്രവൃത്തിയിൽ ഉപയോഗിച്ച 0.35 മി.മീ. ഷീറ്റിന്റെ മാർക്കറ്റ് നിരക്ക് കണക്കാക്കിയാൽ ചെയ്ത പ്രവൃത്തിക്ക് പരമാവധി വരാവുന്ന നിരക്ക് 481.5 രൂപ മാത്രമാണ്. നിരക്ക് കണക്കാക്കിയത് ചുവടെ കൊടുക്കുന്നു. (പഞ്ചായത്തിൽ നടത്തിയ മറ്റു പ്രവൃത്തികളിൽ ഉൾപ്പെടുത്തിയ 0.35 മി.മീ.കനത്തിലുള്ള ഷീറ്റിന്റെ നിരക്ക് മാർക്കറ്റ് വിലയായ 269/- രൂപയാണ്. ഈ നിരക്ക് എസ്റ്റിമേറ്റിലെ ഇനത്തിന്റെ ഡാറ്റയിൽ ഉൾപ്പെടുത്തി തയ്യാറാക്കിയത്)

| Spec Code | Unit | Quantity | Rate | Amount |
|---|---|---|---|---|
| MR | Sheets Used = 20 Nos X 10.70m X 1.06m = 226.84 Sqm Add 3% Wastage = 6.81 Total = 233.65 Sqm<br>Precoated Glavanished Iron Profile Sheet 0.350 Mm | | | |
| | Sqm | 233.65 | 269 | 62851.85 |
| 1023 | Galvanised Steel J Or L Hooks 8 Mm Dia | | | |
| | 10 Nos | 476 | 120 | 5712 |
| 1208 | Bitumen Washer | | | |
| | 100 Nos | 476 | 30 | 142.8 |
| 1209 | G.I. Plain Washer Thick | | | |
| | 100 Nos | 476 | 35 | 166.6 |
| 9977 | Carriage Of Bolts And Nuts, Washers Etc. | | | |
| | LS | 8.06 | 2 | 16.12 |
| 0130 | Mistry | | | |
| | Day | 2.34 | 738 | 1726.92 |
| 0112 | Carpenter 2nd Class | | | |
| | Day | 9.34 | 679 | 6341.86 |

| | | | | |
|---|---|---|---|---|
| 0114 | Beldar | | | |
| | Day | 9.34 | 558 | 5211.72 |
| 9999 | Sundries , Carriage Of Sheets | | | |
| | LS | 104 | 2 | 208 |
| 9999 | Sundries | | | |
| | LS | 39.52 | 2 | 79.04 |
| Total | | 216.14 | Sqm | 82456.91 |
| Unit Total | | 1 | Sqm | 381.496 |
| Water Charge@ 1.00 % | | | 381.496 | 3.81 |
| Total | | | | 385.306 |
| Contractors Profit & Overhead@ 15.00 % | | | 385.306 | 57.8 |
| Total | | | | 443.11 |
| Cost Index@ 36.44 % | | | 105.35 | 38.39 |
| Total | | | | 481.5 |

മേൽ വിവരിച്ച രീതിയിൽ യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തിക്ക് നൽകാവുന്ന പരമാവധി തുക 27989.11 രൂപയാണ്(58.129 X 481.5 =27989.11). എന്നാൽ കരാറുകാരൻ ക്വാട്ട് ചെയ്ത 668/- രൂപ നിരക്കിൽ കരാറുകാരന് 38830.17 രൂപ നൽകിയിട്ടുണ്ട്. ഈ വിധം അധികമായി 10841.06 രൂപ നൽകി.

3. <u>എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ നിർമ്മാണം</u>

ഷീറ്റു റൂഫിംഗ് നൽകിയ സ്ഥലത്ത് കൂടുതൽ വെളിച്ചം ലഭിക്കുന്ന വിധം പോളികാർബണേറ്റ് ഷീറ്റ് നൽകിയിട്ടുണ്ട്. ഇതിനായി ഒബ്സേർവ്ഡ് ഡാറ്റയാണ് തയ്യാറാക്കിയത്. ഈയിനത്തിന്റെ ഡാറ്റ പരിശോധിച്ചതിൽ 4മി.മീ. കനത്തിലുള്ള പോളികാർബണേറ്റ് ഷീറ്റ് അലുമിനിയം T അല്ലെങ്കിൽ L സെക്ഷനുകളും, EPDM Gasket, സിലിക്കോൺ സീലന്റ് എന്നിവയുപയോഗപ്പെടുത്തി സ്ഥാപിക്കുന്നതിനുള്ള നിരക്കാണെന്ന് മനസ്സിലാകുന്നു. എന്നാൽ യഥാർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്ന ഷീറ്റിന് ഈ കനമില്ലെന്ന് സാങ്കേതിക ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ പരിശോധിച്ചതിൽ ബോദ്ധ്യപ്പെട്ടു. കൂടാതെ മേൽ വിവരിച്ച സാമഗ്രികളൊന്നും ഇതിന്റെ സ്ഥാപനത്തിന് ഉപയോഗിച്ചിട്ടില്ല. മറ്റു പ്രൊഫൈൽ ഷീറ്റ് സ്ഥാപിച്ച രീതിയിൽ തന്നെയാണ് ഇവക്കിടയിൽ ഈ പോളികാർബണേറ്റ് ഷീറ്റുകൾ സ്ഥാപിച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ സ്ഥാപിച്ച ഷീറ്റിന്റെ വിലയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് എന്ന് കരുതിയാൽ പോലും, മറ്റു സാമഗ്രികൾ ഉപയോഗപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈ പ്രവൃത്തിക്ക് കണക്കാക്കാവുന്ന നിരക്ക് 2388.12 രൂപയാണ്. (ക്രമ നം.2 ഖണ്ഡികയിൽ നിരക്ക് കണക്കാക്കിയ രീതിയിൽ കണക്കാക്കിയത്).

| Spec Code | Unit | Quantity | Rate | Amount |
|---|---|---|---|---|
| MR | Sheets Used = 20 Nos X 10.70m X 1.06m = 226.84 Sqm Add 3% Wastage = 6.81 Total = 233.65 Sqm Polycarbonate Sheet | | | |
| | Sqm | 233.65 | 1787.5 | 417649.38 |
| 1023 | Galvanised Steel J Or L Hooks 8 Mm Dia | | | |

| | | | | |
|---|---|---|---|---|
| | 10 Nos | 476 | 120 | 5712 |
| 1208 | Bitumen Washer | | | |
| | 100 Nos | 476 | 30 | 142.8 |
| 1209 | G.I. Plain Washer Thick | | | |
| | 100 Nos | 476 | 35 | 166.6 |
| 9977 | Carriage Of Bolts And Nuts, Washers Etc. | | | |
| | LS | 8.06 | 2 | 16.12 |
| 0130 | Mistry | | | |
| | Day | 2.34 | 738 | 1726.92 |
| 0112 | Carpenter 2nd Class | | | |
| | Day | 9.34 | 679 | 6341.86 |
| 0114 | Beldar | | | |
| | Day | 9.34 | 558 | 5211.72 |
| 9999 | Sundries , Carriage Of Sheets | | | |
| | LS | 104 | 2 | 208 |
| 9999 | Sundries | | | |
| | LS | 39.52 | 2 | 79.04 |
| Total | | 216.14 | Sqm | 437254.44 |
| Unit Total | | 1 | Sqm | 2023.01 |
| Water Charge@ 1.00 % | | | 2023.01 | 20.23 |
| Total | | | | 2043.24 |
| Contractors Profit & Overhead@ 15.00 % | | | 2043.24 | 306.49 |
| Total | | | | 2349.73 |
| Cost Index@ 36.44 % | | | 105.35 | 38.39 |
| Total | | | | 2388.12 |

ഈ നിരക്കിൽ കരാറുകാരന് നൽകാവുന്ന പരമാവധി തുക 5.644m$^2$ വിസ്തൃതിക്ക് (എം ബുക്ക് പ്രകാരമുള്ള അളവ്) 13,478.55 രൂപയാണ്. എന്നാൽ കരാറുകാരന് നൽകിയത് 3,250/- രൂപ നിരക്കിൽ 18,343/- രൂപയാണ്. 4,864.45 രൂപ അധികം നൽകുകയുണ്ടായി.

4. <u>മുഴുവൻ അളവിൽ നിർമ്മാണം നടന്നില്ല</u>

പ്രവൃത്തിയിലെ ഇന്റർലോക്ക് വിരിച്ചതിന്റെ അളവു പരിശോധിച്ചതിൽ കോമ്പൗണ്ട് വാളിനും മുറ്റം ഇടഭിത്തിയ്ക്കുമിടയിലെ അളവിൽ കുറവ് കാണുന്നു. അളവു പുസ്തക പ്രകാരം 8.4 മീറ്റർ നീളത്തിൽ പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തിയെങ്കിലും യഥാർത്ഥത്തിൽ 7 മീറ്റർ അളവിലാണ് ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ ചെയ്യാത്ത അളവിനും (1.4x2.2=3.08m$^2$) കരാറുകാരന് തുക നൽകിയിട്ടുണ്ട്. ചെയ്യാത്ത 3.08 M$^2$ വിസ്തൃതിക്ക് 918/- രൂപ നിരക്കിൽ 2,827/-രൂപ കരാറുകാരന് അധികമായി നൽകി.

മുകളിൽ വിവരിച്ച രീതിയിൽ മണ്ണ് പ്രവൃത്തിക്ക് തുക നൽകിയതും, എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ നിർമ്മാണത്തിന് തുക നൽകിയതും, ചെയ്യാത്ത അളവിന് തുക നൽകിയതും വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.15/24-25, തീയതി 23.9.25 ന് മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, കരാറുകാരന് മേൽ ക്രമ നമ്പർ 1,2,3,4 പ്രകാരം അധികമായി നൽകിയ 22,976/-രൂപ (19471.32 + 18% GST) തിരികെ

ഈടാക്കി അറിയിക്കേണ്ടതുമാണ്.

**1-22 കൂമ്പാറ വായനശാല – എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ ഷീറ്റ് നിർമ്മാണത്തിലുപയോഗിച്ചു**

നിർവ്വഹണം : അസി.എഞ്ചിനീയർ
പ്രൈസ് എസ്റ്റി.നം.: 93080/2024
അടങ്കൽ : 75,000/-ധനകാര്യകമ്മീഷൻ ഗ്രാന്റ്
ചെലവ് : 72447/-ബിൽ നം.609/26.3.25

വായനശാല കെട്ടിടത്തിനു മുകളിൽ ഷീറ്റ് റൂഫ്, കെട്ടിടം പെയിന്റിംഗ് തുടങ്ങിയ പ്രവൃത്തികളാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയത്. ഷീറ്റ് റൂഫിംഗിനായി ഉൾപ്പെടുത്തിയ ഇനം DSR ലെ ഇനം 12.50 ആണ്. ഇതു പ്രകാരം 0.5 മി.മീ. കനത്തിലുള്ള ഷീറ്റുകളാണ് പ്രവൃത്തിക്കായി ഉപയോഗിക്കേണ്ടത്. എന്നാൽ പ്രവൃത്തിയിൽ ഉപയോഗിച്ചിരിക്കുന്നത് 0.35 മി.മീ. കനത്തിലുള്ള ഷീറ്റുകളാണെന്ന് സാങ്കേതിക ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ വ്യക്തമായി. നിരക്ക് കുറഞ്ഞ ഷീറ്റ് നിർമ്മാണത്തിനുപയോഗിച്ചിട്ടും ആയത് കണക്കാക്കാതെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയാണ് കരാറുകാരന് അനുവദിച്ചത്. ഈയിനത്തിൽ പഞ്ചായത്ത് ഫണ്ടിന് 8936/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. യഥാർത്ഥത്തിൽ ഈയിനത്തിന് കണക്കാക്കാവുന്ന നിരക്ക് ചുവടെ കൊടുക്കുന്നു. (പഞ്ചായത്തിൽ നടത്തിയ മറ്റു പ്രവൃത്തികളിൽ ഉൾപ്പെടുത്തിയ 0.35 മി.മീ.

കനത്തിലുള്ള ഷീറ്റിന്റെ നിരക്ക് മാർക്കറ്റ് വിലയായ 269/- രൂപയാണ്. ഉദാഃ എസ്റ്റിമേറ്റ് നം. 113211/2024. ഈ നിരക്ക് എസ്റ്റിമേറ്റിലെ ഇനത്തിന്റെ ഡാറ്റയിൽ ഉൾപ്പെടുത്തി തയ്യാറാക്കിയത്)

| Spec Code | Unit | Quantity | Rate | Amount |
|---|---|---|---|---|
| MR | Sheets Used = 20 Nos X 10.70m X 1.06m = 226.84 Sqm Add 3% Wastage = 6.81 Total = 233.65 Sqm Precoated Glavanished Iron Profile Sheet 0.350 Mm | | | |
| | Sqm | 233.65 | 269 | 62851.85 |
| 1023 | Galvanised Steel J Or L Hooks 8 Mm Dia | | | |
| | 10nos | 476 | 120 | 5712 |
| 1208 | Bitumen Washer | | | |
| | 100 Nos | 476 | 30 | 142.8 |
| 1209 | G.I. Plain Washer Thick | | | |
| | 100 Nos | 476 | 35 | 166.6 |
| 9977 | Carriage Of Bolts And Nuts, Washers Etc. | | | |
| | LS | 8.06 | 2 | 16.12 |
| 0130 | Mistry | | | |
| | Day | 2.34 | 738 | 1726.92 |
| 0112 | Carpenter 2nd Class | | | |
| | Day | 9.34 | 679 | 6341.86 |
| 0114 | Beldar | | | |
| | Day | 9.34 | 558 | 5211.72 |
| 9999 | Sundries , Carriage Of Sheets | | | |
| | LS | 104 | 2 | 208 |
| 9999 | Sundries | | | |
| | LS | 39.52 | 2 | 79.04 |
| Total | | | Sqm | 82456.91 |
| Unit Total | | 1 | Sqm | 381.496 |
| Water Charge@ 1.00 % | | | 381.496 | 3.81 |
| Total | | | | 385.306 |
| Contractors Profit & Overhead@ 15.00 % | | | 385.306 | 57.8 |
| Total | | | | 443.11 |

| | | |
|---|---|---|
| Cost Index@ 36.44 % | | 38.39 |
| Total | | 481.5 |

ഈ രീതിയിൽ പ്രവൃത്തിയിൽ ചെയ്ത ആകെ 30.72 ച.മീ. വിസ്തൃതിക്ക് നൽകാവുന്ന തുക 14791.68 (30.72 X 481.5) രൂപയാണ്. പകരം 22364.16 (30.72 X 728) രൂപ കരാറുകാരന് നൽകി. അധികമായി കരാറുകാരന് നൽകിയ 8936/-രൂപ (7572.48 + 18% GST) തിരികെ ഈടാക്കേണ്ടതാണ്.

എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ കനത്തിലുള്ള ഷീറ്റ് ഉപയോഗിക്കാതിരുന്നിട്ടും ആയത് മാറ്റി സ്ഥാപിക്കാൻ കരാറുകാരനോട് ആവശ്യപ്പെടാതിരുന്നതും, എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അനുവദിച്ചതും വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/24-25, 23.09.25) മറുപടി ലഭിച്ചിട്ടില്ല. അപാകതക്ക് വിശദീകരണം നൽകേണ്ടതും അധികം നൽകിയ തുക തിരികെ ഈടാക്കി അറിയിക്കേണ്ടതുമാണ്.

**1-23 ജാതിക്കയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ - പദ്ധതിയുടെ ഉദ്ദേശലക്ഷ്യം കൈവരിക്കാനായില്ല.**

പ്രൊജക്ട് - 121/25

പ്രൊജക്ടിന്റെ പേര് - ജാതിക്കയിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ

നിർവ്വഹണം - കൃഷി ഓഫീസർ

അടങ്കൽ - 272500(ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് - 156759

ജാതിക്കയിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ ജാതിക്ക അച്ചാർ, സ്ക്വാഷ്, കാൻഡി എന്നിവ നിർമ്മിച്ച് വിൽപ്പന നടത്തുന്നതിനും അതുവഴി കർഷകർക്ക് കൂടുതൽ അവസരം സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ടാണ് പദ്ധതി വിഭാവനം ചെയ്തത്. ജാതിഗ്രാമം കൃഷികൂട്ടം വഴിയാണ് പദ്ധതി നടപ്പാക്കിയത്. പദ്ധതിക്കായി പിൻവലിച്ച തുകയുടെയും ചെലവിന്റെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1) ബിൽ നം.597/24.3.25 , 141943

2) ബിൽ നം. 607/26.3.25, 14816

ചെലവ് വിശദാംശങ്ങൾ

| ഇനം | സ്ഥാപനം | തുക |
|---|---|---|
| ടെക്.സപ്പോർട്ട് | ഐഐഎസ്ആർ | 21,220 |
| ലാബ് ഉപകരണങ്ങൾ | കൃഷ്ണ എജൻസീസ് | 34,808 |
| മെഷീനറി | മെക് മാർക്ക് ഇൻഡസ്ട്രീസ് | 52,650 |
| ഗ്യാസ് | ജോളി ഇൻഡേൻ | 4,055 |

| | | |
|---|---|---|
| മിക്സി,സ്റ്റൌ | ഇമാക്സ് ഡിജിറ്റൽ | 8,550 |
| ത്രാസ് | ഡിജിറ്റൽ സ്കെയിൽ | 6,266 |
| | | 1,56,739 |

പദ്ധതി ഫയൽ പരിശോധനയിലും സ്ഥലപരിശോധനയിലും ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) 5 പേർ അടങ്ങിയ ജാതിഗ്രാമം കൂട്ടായ്മ വഴിയാണ് പദ്ധതി നിർവ്വഹണം നടത്തിയത്. എന്നാൽ മേൽ ഗ്രൂപ്പിന്റെ മിനിട്സ് ബുക്ക്, ബാങ്ക് പാസ് ബുക്ക് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2) സ്ഥലപരിശോധനയിൽ യൂണിറ്റ് ക്രിയാത്മകമായി പ്രവർത്തിക്കുന്നതായി കണ്ടെത്താനായില്ല. ശ്രീ. ജിതിൻ കോട്ടൂർ എന്നവരുടെ വീട്ടിൽ (4/437)വാങ്ങിയ ഉപകരണങ്ങൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മേൽ ഉപകരണങ്ങൾ ഉപയോഗിച്ച് നിർമ്മാണം നടത്തുന്നില്ല. ജാതി ബോയിലിംഗ് ചെയ്യുന്നതിനാവശ്യമായ യന്ത്രങ്ങൾ ഇല്ലാത്തതിനാൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ചിന്റെ മൂഴിക്കൽ കാര്യാലയത്തിൽ വെച്ചാണ് മേൽ ബോയിലിങ്ങ് പ്രവൃത്തി നടത്തുന്നത്. ഇതിന് ശേഷമുള്ള തുടർ പ്രവർത്തനങ്ങളും കുറച്ചു കാലത്തേക്ക് ഇവിടെ വെച്ച് നടത്തിയിരുന്നെങ്കിലും നിലവിൽ പ്രവർത്തനങ്ങളൊന്നും നടത്തുന്നതായി കാണാൻ സാധിച്ചിട്ടില്ല. ബോയിലിങ്ങ് യൂണിറ്റ് ഇല്ലാത്തതിനാൽ നിലവിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ചിൽ നിന്നു തന്നെയാണ് നിർമ്മാണം നടത്തുന്നതെന്ന് കൃഷിഓഫീസർ അറിയിച്ചു. നിലവിൽ ഉൽപ്പന്നങ്ങൾ നിർമ്മിച്ചതിന്റെയും വിപണനം നടത്തിയതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല. നിലവിൽ പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ നടക്കുന്നതായി കാണുന്നില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-24 തൊഴിലുറപ്പ് പദ്ധതി - പ്രവൃത്തിയ്ക്കുപയോഗിക്കുന്ന സിമന്റിന്റെ ബ്രാൻഡ് ഉറപ്പാക്കാതെ വില കണക്കാക്കുന്നു

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.8.2022 ലെ NREGA/24/2022-A3 നമ്പർ കത്ത് പ്രകാരം SECURE സോഫ്റ്റ്വെയറിലെ സിമന്റിന്റെ നിരക്ക് അതേപടി വെണ്ടർമാർക്ക് നൽകുന്നത് വിലക്കികൊണ്ട് നിർദ്ദേശം നൽകിയിരുന്നു. ആലപ്പുഴ ഓംബുഡ്സ്മാന്റെ 8.7.22 ലെ OMB/ALP/AW/20/2022 നമ്പർ ഉത്തരവിനെ അടിസ്ഥാനപ്പെടുത്തിയാണ് ഈ നിർദ്ദേശം. സിമന്റ് ഒരു പാക്കഡ് കമ്മോഡിറ്റി ആയതിനാൽ മാർക്കറ്റ് വിലയേ നൽകേണ്ടതുള്ളൂവെന്നും, ടെണ്ടർ എടുക്കുന്ന കരാറുകാരൻ വിതരണം ചെയ്യുമ്പോൾ നൽകുന്ന GST ബില്ലിൽ വിതരണം ചെയ്യുന്ന സിമന്റ് ബ്രാൻഡിന്റെ പേര്(വ്യത്യസ്ത ബ്രാൻഡുകൾക്ക് വ്യത്യസ്ത വിലയായതിനാൽ), യൂണിറ്റ് നിരക്ക്, പാക്കറ്റുകളുടെ എണ്ണം എന്നിവ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ തുക നൽകിയ വിവിധ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ വെണ്ടർമാർ സമർപ്പിച്ച ജി.എസ്.ടി ബില്ലുകളിലൊന്നും സിമന്റ് ബ്രാൻഡിന്റെ പേര് രേഖപ്പെടുത്തിയിട്ടില്ല. വെണ്ടർമാർ ജി.എസ്.ടി. ബില്ലുകളിൽ രേഖപ്പെടുത്തുന്നത് ടെണ്ടറിൽ അവർ

രേഖപ്പെടുത്തിയ നിരക്കാണ്.

ഈ സാഹചര്യത്തിൽ വിതരണം ചെയ്ത സിമന്റ് ഏതു ബ്രാൻഡാണെന്ന് ഉറപ്പാക്കാതെയും, യഥാർത്ഥ വില അന്വേഷിക്കാതെയും വെണ്ടർമാർക്ക് തുക അനുവദിക്കുന്നത് എന്തടിസ്ഥാനപ്പെടുത്തിയാണെന്ന് വ്യക്തമല്ല. മിഷൻ ഡയറക്ടറുടെ നിർദ്ദേശം പാലിക്കാതെ സിമന്റിന് വെണ്ടർമാർ ആവശ്യപ്പെടുന്ന നിരക്കിൽ തുക നൽകുന്നത് വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/24-25, തി:23.9.25) മറുപടി ലഭിച്ചിട്ടില്ല. മിഷൻ ഡയറക്ടറുടെ നിർദ്ദേശം പാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-25 തൊഴിലുറപ്പ് പദ്ധതി - കുഴിച്ചെടുത്ത മണ്ണ് പ്രവൃത്തിയിൽ ഉപയോഗപ്പെടുത്തിയില്ല

തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ പൂവ്വാറാൻതോട് ഭാഗത്ത് റോഡ് നിർമ്മാണം-കല്ലംപുല്ല് എസ്.ടി. കോളനി റോഡ് (RC363624) എന്ന പ്രവൃത്തിയിൽ കോളനി ഭാഗത്ത് മണ്ണ് വെട്ടി മാറ്റി, കരിങ്കല്ല് സൈഡ് കെട്ടി പുതിയ റോഡിന്റെ നിർമ്മാണമാണ് നടത്തിയിരിക്കുന്നത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ കരിങ്കല്ല് കെട്ടിന്റെ ഫൗണ്ടേഷൻ നിർമ്മാണത്തിനായി മണ്ണ് നീക്കം ചെയ്യുന്നതിന് ഇനം (ഹാർഡ് സോയിൽ), റോഡിനായി മണ്ണ് വെട്ടി മാറ്റുന്നതിന് ഇനം എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. അളവു പുസ്തകം പ്രകാരം ഈയിനങ്ങളിൽ യഥാക്രമം 29.6833 ഘ.മീ, 97.909 ഘ.മീ. അളവിൽ മണ്ണെടുത്തിട്ടുണ്ട്. പുതിയ റോഡിന്റെ നിർമ്മാണത്തിൽ മണ്ണ് ഫിൽ ചെയ്യുന്ന പ്രവൃത്തിക്കായി ഇനം 80.5.2.25.1 പ്രകാരം ആകെ 120 ഘ.മീ. അളവിൽ മണ്ണ് ഫിൽ ചെയ്യുകയും, ആയതിന് കരാറുകാരന് (431/- രൂപ നിരക്കിൽ) തുക നൽകുകയും ചെയ്തിട്ടുണ്ട്. കുഴിച്ചെടുത്ത മണ്ണ് ആവശ്യമായ അളവിൽ ലഭ്യമായിരിക്കെ ആയത് ഉപയോഗപ്പെടുത്താതെ കരാറുകാരന്റെ മണ്ണ് ഉപയോഗപ്പെടുത്തി പ്രവൃത്തി നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 14/24-25, തി:23.9.25) മറുപടി ലഭിച്ചില്ല. മണ്ണ് ലഭ്യമായിരിക്കെ കരാറുകാരന്റെ മണ്ണ് വിലക്കു വാങ്ങിയ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 1-26 തൊഴിലുറപ്പ് പദ്ധതി - സിമന്റ് ഉപയോഗത്തിൽ അവ്യക്തത

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിൽ നടപ്പാക്കിയ വിവിധ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ പ്രവൃത്തിയിൽ ഉപയോഗിച്ച സിമന്റിന്റെ അളവിൽ അവ്യക്തത കാണുന്നു. 'സെക്വയർ' സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ ഓരോ ഇനം പ്രവൃത്തിക്കും ആവശ്യമായ/ ഉപയോഗപ്പെടുത്തേണ്ട സാധന സാമഗ്രികളുടെ അളവ് കൃത്യമായി വിവരിക്കുന്നുണ്ട്. എന്നാൽ പരിശോധനാ വിധേയമാക്കിയ പ്രവൃത്തികളിൽ ആവശ്യമായ അളവിൽ സിമന്റ് ഉപയോഗിച്ചിട്ടില്ലെന്ന് കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

<u>കക്കാടംപൊയിൽ ജി.എൽ.പി.എസ്. കോമ്പൗണ്ട് സൈഡ് പ്രൊട്ടക്ഷൻ(AV 278736)</u>

ഈ പ്രവൃത്തിയിൽ സ്കൂളിന് കരിങ്കല്ല് സംരക്ഷണ ഭിത്തി കെട്ടുന്നതും, അതിനു മുകളിലായി കോൺക്രീറ്റ് ബെൽറ്റ് നൽകുന്നതിനുമുള്ള ഇനങ്ങൾ ഉൾപ്പെട്ടിരുന്നു.

കോൺക്രീറ്റിനായി ഉൾപ്പെടുത്തിയ ഇനവും, ഇതിനായി വേണ്ട സിമന്റ് അളവും, യഥാർത്ഥത്തിൽ വിനിയോഗിച്ച സിമന്റ് അളവും ചുവടെ കൊടുക്കുന്നു.

| ഇനം | ആവശ്യമായ സിമന്റ് അളവ് | ചെയ്ത അളവ് | ആവശ്യമായ സിമന്റ് | ഉപയോഗിച്ച അളവ് | കുറവ് |
|---|---|---|---|---|---|
| 4.1.6 1:3:6കോൺക്രീറ്റ് | 1 $M^3$ ന് 0.22 Tone | 0.78 $M^3$ | 0.1716 Tone | 0.75 Tone | 0.112 Tone |
| 4.1.3 1:2:4 കോൺക്രീറ്റ് | 1 $M^3$ ന് 0.32 Tone | 2.1575 $M^3$ | 0.6904 Tone | | |
| | | | 0.862tone | | |

<u>മരഞ്ചാട്ടി ഭാഗത്ത് റോഡ്-അംഗൻവാടി റോഡ് കലുങ്ക് അപ്രോച്ച്</u>

| ഇനം | ആവശ്യമായ സിമന്റ് അളവ് | ചെയ്ത അളവ് | ആവശ്യമായ സിമന്റ് | ഉപയോഗിച്ച അളവ് | കുറവ് |
|---|---|---|---|---|---|
| 4.1.6 1:3:6കോൺക്രീറ്റ് | 1 $M^3$ ന് 0.22 Tone | 8.47 $M^3$ | 1.8634 Tone | 10.8574 | 2.1807tone |
| 4.1.3 1:2:4 കോൺക്രീറ്റ് | 1 $M^3$ ന് 0.32 Tone | 0.32 $M^3$ | 0.1024 Tone | | |
| 4.1.4 1:2:4 കോൺക്രീറ്റ് | 1 $M^3$ ന് 0.32 Tone | 28.7647 $M^3$ | 9.2047 | | |
| 5.2.2 1:1.5:3 കോൺക്രീറ്റ് | 1 $M^3$ ന് 0.4 Tone | 4.6691 $M^3$ | 1.8676 | | |
| | | | 13.0381 | | |

മുകളിൽ വിവരിച്ച രീതിയിൽ ആവശ്യകതയുള്ള അളവിൽ സിമന്റ് ഉപയോഗപ്പെടുത്താതെ പ്രവൃത്തികൾ നടപ്പാക്കിയതിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.13/24-25,തീയതി 23.9.25) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തികളിൽ ആവശ്യകതക്കനുസരിച്ചുള്ള സിമന്റ് ഉപയോഗപ്പെടുത്താത്ത സാഹചര്യത്തിൽ മേൽ പ്രവൃത്തികളുടെ ഗുണമേന്മ എപ്രകാരം ഉറപ്പാക്കിയെന്ന് വ്യക്തതയില്ല. അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

**<u>1-27 ജൽജീവൻ പദ്ധതി -പദ്ധതി പുരോഗതി വിവരം ലഭ്യമല്ല</u>**

ഇന്ത്യയിലെ എല്ലാ വീടുകളിലും വ്യക്തിഗത ഫംഗ്ഷണൽ ഹൗസ്ഹോൾഡ് ടാപ്പ് കണക്ഷനുകൾ (FHTCs) വഴി സുരക്ഷിതമായതും ആവശ്യത്തിനുമുള്ള കുടിവെള്ളം

എത്തിക്കുക എന്നതാണ് ജൽ ജീവൻ മിഷൻ (JJM) വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഇംപ്ലിമെന്റ് സപ്പോർട്ട് ഏജൻസിയായ "സെന്റർ ഫോർ ഓവർഓൾ ഡെവലപ്പ്മെന്റ്, മാതാ ടവർ, താമരശ്ശേരി" എന്ന സ്ഥാപനവുമായി 18.10.2021 ന് ത്രികക്ഷി കരാർ ചമച്ചിട്ടുണ്ട് (എഗ്രിമെന്റ് നം.4/21-22). 18 മാസമാണ് കരാർ കാലാവധി. പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് പരിശോധന നടത്തിയതിൽ ചുവടെ ചേർക്കുന്ന കാര്യങ്ങൾ വ്യക്തമാകുന്നു.

- മേൽ കരാറിന്റെ അനുബന്ധം എ പ്രകാരം സ്ഥാപനം പൂർത്തീകരിക്കേണ്ട പ്രവർത്തനങ്ങൾ/മൈൽസ്റ്റോൺസിനെ സംബന്ധിച്ച് വിവരിച്ചിട്ടുണ്ട്. ആയതു പ്രകാരമുള്ള ഏതെല്ലാം പ്രവർത്തനങ്ങൾ പഞ്ചായത്തിൽ പൂർത്തീകരിച്ചുവെന്ന കൃത്യമായ വിവരം പഞ്ചായത്തിൽ നിന്നും ലഭ്യമായില്ല.
- വാട്ടർ അതോറിറ്റി മുഖേന വീടുകളിലേക്കുള്ള പൈപ്പ് ലൈൻ പ്രവൃത്തികൾ നടന്നു വരുന്നുണ്ടെങ്കിലും, നാളിതു വരെ ഈ പദ്ധതിയുടെ പഞ്ചായത്ത് വിഹിതവും, ഗുണഭോക്തൃ വിഹിതവും നൽകുന്നതിനുള്ള പ്രോജക്ടുകളൊന്നും പഞ്ചായത്ത് ആവിഷ്കരിച്ചിട്ടില്ല. ഫണ്ടിന്റെ അഭാവമാണ് കാരണമായി അറിയിച്ചിട്ടുള്ളത്.
- ഈ പദ്ധതിക്കായി ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധതരം ജലസംഭരണികളും, പമ്പ് ഹൗസുകളും നിർമ്മിക്കുന്നതിന് സ്ഥലം വിട്ടു നൽകുന്നതിന് ജലഅതോറിറ്റി പല സന്ദർഭങ്ങളിലായി പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയലിൽ സ്ഥലങ്ങൾ വാങ്ങുന്നതിനും, ഏറ്റെടുക്കുന്നതിനുമായി നടപടികൾ സ്വീകരിച്ചു വരുന്നതിന്റെ രേഖകൾ ഫയലിലുണ്ടെങ്കിലും, ഏതൊക്കെ സ്ഥലം, എത്ര വിസ്തൃതിയിൽ വിട്ടു നൽകി എന്നതിന്റെ കൃത്യമായ വിവരം ലഭ്യമായില്ല.

ജൽജീവൻ മിഷൻ പദ്ധതിയുടെ പഞ്ചായത്ത് വിഹിതം അടവാക്കുന്നതിന് എല്ലാ പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകാനായി മിഷൻ ഡയറക്ടർ 20.02.2025 തിയതിയിലെ KWA - JB/1200/2025 - F1 (A) KWA നമ്പർ കത്ത് മുഖേന പഞ്ചായത്ത് പ്രിൻസിപ്പൽ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത തുക കണ്ടെത്തുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് ശ്രമമുണ്ടാകേണ്ടതുണ്ട്. പദ്ധതി നടപ്പാക്കുമ്പോൾ ഗ്രാമപഞ്ചായത്ത് വിഹിതവും ഗുണഭോക്തൃ വിഹിതവും കണ്ടെത്താൻ കഴിയാതെ വരുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് എം.എൽ.എ മാരുടെ നിയോജകമണ്ഡല ആസ്തിവികസന ഫണ്ടിൽ നിന്നും തുക അനുവദിക്കാൻ ധനകാര്യ (നോഡൽ സെന്റർ -ബി) വകുപ്പ് 10/08/2020 തീയതിയിൽ പുറപ്പെടുവിച്ച സാ.ധാ.4584/2020/ധന നമ്പർ ഉത്തരവ് പ്രകാരം അനുമതി നല്കിയിട്ടുണ്ട്. എന്നാൽ ജൽജീവൻ പദ്ധതി വ്യാപിപ്പിക്കുന്നതിനും വിഹിതം നല്കുന്നതിനുമുള്ള പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും 15% വിഹിതം നല്കുന്നതിന് പൊതുവിഭാഗം സാധാരണ വിഹിതവും തനത് ഫണ്ടും ഉപയോഗിക്കാമെന്നും 19.04.2022 തീയതിയിലെ 84/2022/ Lsgd നമ്പർ ആസൂത്രണ മാർഗ്ഗരേഖയിലെ ഖണ്ഡിക 8.1 ബി (23) പ്രതിപാദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് മതിയായ വിഹിതം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നല്കാമെന്നും TSP,SCP ഫണ്ടുകൾ അവയുടെ വിനിയോഗ മാർഗ്ഗരേഖ പാലിച്ചുകൊണ്ട് ഉപയോഗപ്പെടുത്താമെന്നും ഈ

ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ജൽജീവൻ മിഷന്റെ കണക്കുകൾ പ്രകാരം (Www.Kwa.Kerala.Gov.In, 23.9.25 ലെ സ്ഥിതി) കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ പ്രവൃത്തികളുടെ വിവരം താഴെ ചേർക്കും വിധമാണ്.

| | | | |
|---|---|---|---|
| ഭരണാനുമതി നൽകിയ കണക്ഷനുകളുടെ എണ്ണം | 3338 | | |
| ഭരണാനുമതി തുക | 3311.83 ലക്ഷം | | |
| ആകെ ഗ്രാമീണ വീടുകൾ | 4787 | | |
| ജൽജീവനു മുമ്പുണ്ടായിരുന്ന കണക്ഷൻ(1.4.20 നു മുമ്പ്) | 1449 | | |
| ജൽജീവൻ തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | 80 | 2024-25 | 2 |
| | | 2025-26 | 78 |

മുകളിൽ കൊടുത്ത കണക്കു പരിശോധിച്ചാൽ നാളിതുവരെ ഈ പദ്ധതിയിൽ 2025-26 ൽ മാത്രമാണ് കണക്ഷനുകൾ നൽകി തുടങ്ങിയിട്ടുള്ളൂവെന്നു കാണാം. ഗ്രാമീണ വീടുകളിൽ സുരക്ഷിത കുടിവെള്ളം ലഭ്യമാക്കുന്ന ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള ഇടപെടൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പ് പുരോഗതി സംബന്ധിച്ച വിവരം അറിയിക്കേണ്ടതാണ്.

## 1-28 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം ധനകാര്യ കമ്മീഷൻ -പ്രാഥമികാരോഗ്യ പരിരക്ഷ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ആരോഗ്യ മേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട് . അവാർഡ് കാലയളവിലെ (21-26) ആദ്യ വർഷമായ 21-22 ൽ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള കർമ്മ പദ്ധതി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കുകയും കേന്ദ്ര സർക്കാറിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട് . പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം അനുവദിക്കുന്ന ആരോഗ്യ ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മ പദ്ധതി തയ്യാറാക്കിയത് .

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ വേണ്ടിയാണ് ആരോഗ്യ മേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ പ്രധാനമായും 2 സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത

സ്കീമുകളുടെ പ്രവർത്തനോദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു .

**സ്കീം 1 - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്കും കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കും സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്കും കെട്ടിടം നിർമ്മിക്കുവാൻ ധനസഹായം .**

ഈ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് 2022-23 ൽ 27,75,000/- രൂപ ലഭിച്ചിട്ടുണ്ട് .

**സ്കീം 3 – ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി .**

